ശ്രീ. കെ. ഹസ്സൻ ഗനി: കോവാപ്പറേറ്റീവ് അടിസ്ഥാനത്തിൽ ഭൂമി കൊടുക്കുകയാണെങ്കിൽ കർഷകത്തൊഴിലാളികൾക്കു് കൊടുക്കുകയില്ലെന്നാണോ മെമ്പർ പറയുന്നതു്?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കർഷകത്തൊഴിലാളികൾക്കു് ഈ സൊസൈറ്റികളിൽ ചേരാൻ സാധിച്ചില്ലെന്നും വരാം.

ശ്രീ. കെ. കെ. വിശ്വനാഥൻ: കർഷകത്തൊഴിലാളികളുടെ സൊസൈറ്റികൾ മാത്രമാണെങ്കിൽ അതിനെ ശരിയായി വിനിയോഗിക്കുമെന്നു് വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അതു് അതിന്റെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കും.

ശ്രീ. പി. ടി. ചാക്കോ: ഈ ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു രണ്ടു കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഭാവിയിൽ നമ്മുടെ രാജ്യത്തും മറ്റു രാജ്യങ്ങളിലും കർഷകവൃത്തി ഏതു രീതിയിൽ ഇരിക്കണം എന്നുള്ളതിനെപ്പറ്റി രാജ്യത്തു് ചിന്തിക്കുന്ന പല ആളുകളും ചിന്തിക്കുകയും പൊതുവെ വ്യക്തമായ ഒരു ധാരണയിൽ എത്തുകയും ചെയ്തിട്ടുണ്ടു്. കൂടുതൽ ഉൽപ്പാദനം ഉണ്ടാകത്തക്ക രീതിയിൽ തുണ്ടുതുണ്ടായി മുറിഞ്ഞുപോയ ഭൂമികൾ കൂടിവുള്ളതായി ഒരുമിച്ചു് കൊണ്ടുവരുന്നതിനു് പരിശ്രമിക്കുകയും ആ പരിശ്രമത്തിൽ സഹകരണാടിസ്ഥാനത്തിലുള്ള കൃഷി ആരംഭിക്കുകയും ചെയ്യണമെന്നാണു്, ചിന്തിച്ചിട്ടുള്ള ആളുകൾ പറയുന്ന അഭിപ്രായം. രാഷ്ട്രീയകക്ഷികളുടെ നില പറഞ്ഞാൽ ഇങ്ങനെയുള്ള സഹകരണാടിസ്ഥാനത്തിലുള്ള കൃഷി സംപ്രദായത്തെ എതിർക്കുന്നതായി ഒരു കക്ഷിയുംതന്നെ ഉണ്ടെന്നു തോന്നുന്നില്ല. ഈ അടിസ്ഥാനത്തിൽ കാൺഗ്രസ്സ് ചെയ്തിട്ടുള്ള നിശ്ചയം വളരെ സ്വീകാര്യമായിട്ടുള്ളതാണെന്നു മുഖ്യമന്ത്രിതന്നെ പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇൻഡ്യയിലെ ഏറ്റവും ഉന്നതനായ നേതാവു് എന്നു് ഞങ്ങൾ വിശ്വസിക്കുന്ന ശ്രീ. അജയഘോഷ് ഇതിനെസംബന്ധിച്ചു് ചെയ്ത പ്രസ്താവനയിൽ ഇതു് സ്വീകാര്യമായ ഒരു നടപടിയാണെന്നും ഏറ്റവും വേഗത്തിൽ നടപ്പിൽ വരുത്തേണ്ടതാണെന്നും പക്ഷേ കാൺഗ്രസ്സ് അതു നടപ്പിലാക്കുമോ എന്നു സംശയമുണ്ടെന്നും പറഞ്ഞു. അപ്പോൾ ഈ കാര്യത്തെപ്പറ്റി കമ്മ്യൂണിസ്റ്റ് പാർട്ടിയിൽതന്നെ അഭിപ്രായവ്യത്യാസം ഇല്ലാതിരിക്കുകയാണു്. സഹകരണാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതുകൊണ്ടു് കാർഷികാഭിവൃദ്ധിയുണ്ടാക്കാൻ കഴിയുമെന്നു നിശ്ചയമാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ക്രിയമങ്ങൾ നടപ്പിൽ വരുമ്പോൾ കൃഷിയെ [illegible] ക്കുമോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഇവിടെ രണ്ടു തരത്തിലുള്ള എതിർപ്പുകളുണ്ടായിട്ടുണ്ട്. അതിലൊന്ന് എന്റെ സ്നേഹിതൻ മുപ്പോൾ പറഞ്ഞതു പോലെ ഈ ഭൂമി കോവാപ്പറേറിവ് സൊസൈറ്റിക്ക് വിട്ടുകൊടുത്താൽ അതു കർഷകത്തൊഴിലാളികൾക്ക് കിട്ടുകയില്ല, മറിച്ചു കുറച്ചു പേരുടെ കയ്യിലാകുകയും ചെയ്യുമെന്നാണ്. അങ്ങനെ വരാതിരിക്കുന്നതിനുവേണ്ടി ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളുടെ സൊസൈറ്റിക്കു മായിരിക്കും ഭൂമി കൊടുക്കാവു എന്നുള്ള വ്യവസ്ഥ വയ്ക്കുവാനുദ്ദേശിക്കുന്നതാണ്. അങ്ങനെയുള്ള വ്യവസ്ഥ വച്ചാൽ പിന്നീടു ആ ബുദ്ധിമുട്ടുണ്ടാകുവാൻ ഇടയില്ല. അങ്ങനെയുള്ള വ്യവസ്ഥ വയ്ക്കുന്നതിനെ .....

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പണക്കാരുടെ മിച്ചഭൂമി ഭൂമി വിതരണം ചെയ്യുന്നതിനു ഒരു കൊല്ലക്കാലം അനുവദിച്ചുകൊടുക്കണം എന്നു പറയുന്നതെന്തിനാണെന്ന്?

ശ്രീ. പി. ടി. ചാക്കോ : അതേപ്പറ്റി അലോചിക്കുമ്പോൾ അതു പറയാം. ഇപ്പോൾ അതല്ലല്ലോ ചർച്ചാവിഷയം? മിച്ചം വരുന്ന ഭൂമി കർഷകത്തൊഴിലാളികൾക്ക് കിട്ടണം, ഭൂമിയില്ലാത്തവർക്ക് കിട്ടണം എന്നാണ് ഞങ്ങളുടെയും അഭിപ്രായം. അതുകൊണ്ട് മറ്റു ഭൂമിയില്ലാത്ത അളുകളുടെ സഹകരണസംഘങ്ങൾ ഉണ്ടാക്കി കൃഷി ചെയ്യാൻ അനുവദിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെട്ടത്.

പിന്നെ രണ്ടാമതൊരു കാര്യം പറഞ്ഞതു് ഈ സഹകരണസംഘങ്ങൾക്കു വിട്ടുകൊടുക്കുന്നതുകൊണ്ട് കർഷകരെ സഹകരണാടിസ്ഥാനത്തിൽ സംഘടിക്കാൻ നിർബന്ധിക്കുകയാണെന്നാണ്. അങ്ങനെ നിർബന്ധം ചെലുത്താതെതന്നെ സഹകരണമുണ്ടാക്കണമെന്നാണ് പറയുന്നതു്. യഥാർത്ഥത്തിൽ കർഷകരെ നിർബ്ബന്ധിക്കുകയല്ല. മിച്ചം വരുന്ന ഭൂമി സർക്കാരിന്റെ വകയാണ്. സർക്കാരിന്റെ ഭൂമി കൃഷി ചെയ്യുന്നതു് ഏതു രീതിയിൽ വേണമെന്നു് തീരുമാനിക്കാൻ നമുക്കധികാരമുണ്ട്. ആ കൃഷി ചെയ്യുന്ന രീതിയോടു യോജിപ്പുള്ള ഭൂമിയില്ലാത്ത ആളുകളും ആണ് സൊസൈറ്റിയിൽ ചേരുക് വരുന്നതു്. അതുകൊണ്ട് നിർബ്ബന്ധത്തിന്റെ യാതൊരംശവും അങ്ങനെയുള്ള പ്രവർത്തനങ്ങളിൽ ഉണ്ടാകയില്ല. ഈ പ്രത്യുസ്താവനകളിലും മറ്റും പറയുന്നതിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയിലെന്നെ ഉന്നതന്മാരായ നേതാക്കന്മാരെല്ലാം പറഞ്ഞിട്ടുള്ളതുപോലെ ഈ നയം നടപ്പിൽ വരുത്തുമെന്നുണ്ടെങ്കിൽ, ഇന്നു ചെയ്യുന്നതിനുള്ള പുറവും നല്ല അവസരമാണ്. അതുകൊണ്ട് മിച്ചംവരുന്ന ഭൂമി ഉണ്ടുണ്ടായി കിടന്നാലുപോലും അതു് പഞ്ചായത്തുകളെ ഏല്പിച്ചു് സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനു് വ്യവസ്ഥ ചെയ്യുകയാണ് വേണ്ടതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഈ അരത്തിലുള്ള ജന്മിനർ ഫാമിംഗ് കുട്ടനാട്ടിലേതുപോലുള്ള കായൽനിലങ്ങളെ സംബന്ധിച്ചിടത്തോളം നടപ്പാക്കുന്നതിൽ വിരോധമുണ്ടോ?

ശ്രീ. പി. ടി. ചാക്കോ : യാതൊരു വിരോധവുമില്ല.

ശ്രീ. പൊന്നറ ശ്രീധർ: ഈ സ്കീമിന്റെ മുഴുവനും അയാൾക്കു വല്ല വിരോധവുമുണ്ടോ?

ശ്രീ. പി. ടി. ചാക്കോ : ഒന്നുമില്ല. ഈ ഭൂമി വ്യക്തികൾക്കു കൊടുത്തുകഴിഞ്ഞു് പിന്നീടു് സഹകരണകൃഷിക്കു് അവരെ പ്രേരിപ്പിക്കുവാൻ സാധിക്കുകയില്ല. കൈവശമുള്ള ഭൂമി സഹകരണാടിസ്ഥാനത്തിലുള്ള കൃഷിക്കുവേണ്ടി വിട്ടുകൊടുക്കുന്നതിനു് ഇന്നത്തെ നിലയിൽ കർഷകർ മടിക്കുന്നുണ്ട്. [illegible] സ്കീമിലും ആ അനുഭവം ഉണ്ടായിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പൊതുവെ കുറഞ്ഞ കൂട്ടത്തിൽ വ്യക്തിപരമുള്ള ആളുകളാണ്. അപ്പോൾ വ്യക്തി പരമായി കൊടുത്തിട്ടുള്ള ഭൂമി സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ വിട്ടു കൊടുക്കാൻ അവർക്ക് മടിയുണ്ട്. അതുകൊണ്ടു മിച്ചംവരുന്ന ഭൂമി കോവാപ്പ റേറിവു് അടിസ്ഥാനത്തിൽ കൃഷി ചെയ്യാം എന്നു് തീരുമാനിക്കണം. അതിന്റെ അർത്ഥം ഈ മിച്ചഭൂമി കൃഷിക്കു് കിട്ടുകയില്ല എന്നുള്ളതല്ല.

ജോയിന്റു് കോവാപ്പറേറിവു ഫാമിംഗാണു് നമ്മുടെ ലക്ഷ്യം; പക്ഷേ, അതുമാത്രമായിരിക്കണം എന്നു് എനിക്കഭിപ്രായമില്ല. ഭൂമി തുണ്ടുതുണ്ടായി കിടക്കുന്നതു് കർഷകരെ ഏല്പിച്ചു് പ്രത്യേകം കൃഷി ചെയ്യിക്കുന്നതിൽ തർക്കമില്ല. പക്ഷേ, ആ ഭൂമി സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതുകൊണ്ടു് പ്രയോജനമുണ്ടെന്നു് ബോധ്യപ്പെടുത്തിയാൽമാത്രമേ മറ്റു ഭൂമിയുള്ളവരും അതിനു് തയാറാകുകയുള്ളൂ. ഭൂമിയില്ലാത്തവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു്, അവർക്കു് മിച്ചഭൂമി വിതരണംചെയ്തു്, സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തണമെന്നാണു് സർവ്വെന്റിന്റെ ഉദ്ദേശമെങ്കിൽ മി. മാത്യുവിന്റെ ഭേദഗതി സ്വീകരിക്കേണ്ടതാണു്.

10 A. M.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കോവാപ്പറേറിവു് സൊസൈറ്റി മൂലം കൃഷി നടത്തുമ്പോൾ ഭൂമിയുടെ റൈറ്റ് ആർക്കായിരിക്കണം?

ശ്രീ. പി. ടി. ചാക്കോ : ഭൂമിയിലെ അനുഭവം എടുക്കുന്നതു് കൃഷിക്കാരായിരിക്കുമെങ്കിലും, ഉടമസ്ഥാവകാശം സഹകരണസംഘത്തിനായിരിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : സർവ്വീസ് കോവാപ്പറേറിവുസൊസൈറ്റികളും ജോയിന്റു് കോവാപ്പറേറിവു സൊസൈറ്റികളും ആകണമെന്നുണ്ടോ?

ശ്രീ. പി. ടി. ചാക്കോ : ആകാതെതന്നെ കോവാപ്പറേറിവു സൊസൈറ്റിക്കു് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വച്ചുകൊണ്ടിരിക്കാവുന്നതാണു്. വീതംവച്ചു് ഓരോരുത്തർക്കു് കൃഷി നടത്താൻ കൊടുക്കാവുന്നതാണു്. അങ്ങനെ കൊടുത്താൽ, ജോലികളെല്ലാം സഹകരണാടിസ്ഥാനത്തിൽ നടത്തണം. ഉദാഹരണമായിട്ടു് ഇപ്പോൾ വളം വിതരണം സഹകരണാടിസ്ഥാനത്തിൽ നടക്കുന്നുണ്ടു്. വിളവിനു് മാർക്കറ്റിംഗ് വല്ലതും ആവശ്യമുള്ളതു് സഹകരണാടിസ്ഥാനത്തിൽ നടത്താം. ഉഴുക, കിളയ്ക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും സഹകരണാടിസ്ഥാനത്തിൽ ചെയ്യാവുന്നതാണു്. വെള്ളം പമ്പുചെയ്യുന്ന ജോലി ഇപ്പോൾതന്നെ നടത്തുന്നുണ്ടു്. അങ്ങനെ കൃഷിക്കുടെ പ്രവർത്തനങ്ങളുടെ ഓരോ ഭാഗവും കഴിയുള്ളിടത്തോളം സഹകരണാടിസ്ഥാനത്തിൽ നടത്തണം. കുറെ കഴിഞ്ഞാൽ, ഭൂമി കൂട്ടത്തിൽ കിട്ടിയാൽ ജോയിന്റു് കോവാപ്പറേറിവു് ഫാമിംഗ് ആകാം. ഈ അവസരത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതു് ഭൂമി തുണ്ടുതുണ്ടായിപ്പോകാതെ, ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി consolidate ചെയ്യുന്ന കാര്യത്തിലാണു്. ആ ഉദ്ദേശം സാധിക്കണമെങ്കിൽ സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്താനുള്ള ഈ ഭേദഗതി സ്വീകരിക്കണം. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ മിക്കവാറും ഈ രാജ്യത്തു് മറ്റൊരു നിയമം ആവശ്യമായിവരും. ഇപ്പോൾതന്നെ തുണ്ടുതുണ്ടായിട്ട ഭൂമി വിഷമിച്ചുപോയിട്ടുണ്ടു്. ഇനി അങ്ങനെ തുണ്ടുതുണ്ടായിട്ടുള്ള ഭൂമിയെ കൺസോളിഡേറ്റ ചെയ്യാൻ ഒരു നിയമം വേണ്ടിവരും. അതിനുള്ള വ്യവസ്ഥയൊന്നും ഈ ബില്ലിൽ ഇല്ല. അതൊരു പ്രധാന കാര്യമാണു്. മിച്ചംകിട്ടുന്ന ഭൂമിയും ഇനി തുണ്ടുതുണ്ടായിപ്പോകാതെ ഇരിക്കണമെങ്കിൽ, ആ ഭൂമി പ്രയോജനശൂന്യമായി പോകാതിരിക്കണമെങ്കിൽ അതിനൊരു നടപടി സ്വീകരിക്കേണ്ടതാണു്. സർവ്വെന്റു് ഈ കാര്യത്തെപ്പറ്റി ആലോചിക്കുകയും, മുഖ്യമന്ത്രിതന്നെ നല്ലതാണെന്നു പറഞ്ഞിട്ടുള്ള ഒരു ഭേദഗതി നടപ്പിലാക്കുന്നതിനു് മുൻകൈയും ചെയ്യേണ്ടതാണു്; അല്ലാതെ ഇതിൽനിന്നും ഒഴിഞ്ഞുമാറുകയല്ല വേണ്ടതു്. അതിനുവേണ്ടി ഈ ഭേദഗതി സ്വീകരിക്കണമെന്നു് ഞാൻ പറയുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഭൂമിയില്ലാത്തവർചോദിച്ചു സപ്ലീസ് കോവാപ്പറേറീവു് സൊസൈറ്റി തുടങ്ങിച്ചിട്ടു്, അതു് ഉയർത്തിക്കൊണ്ടുവരുന്നു് ജായിൻറ് കോവാപ്പറേറീവു് ഫാമിംഗ് തുടങ്ങുന്നതിൽ എന്താണു് വൈഷമ്യം?

ശ്രീ. പി. ടി. ചാക്കോ: അതിനുള്ള വൈഷമ്യം, അവകാശമുള്ളവർ ഭൂമി തരാൻ സമ്മതിക്കുകയില്ല. ഭൂമി കൈവശമുള്ളവർ അതു് സ്വന്തമായി കൃഷി ചെയ്യണമെന്നാണു് ആഗ്രഹിക്കുന്നതു്. ഇന്നത്തെ അവസ്ഥ ചിന്തിക്കുമ്പോൾ മാറ്റം വരണമെങ്കിൽ, സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തിയാൽ അതു് വിജയിക്കുമെന്നു് അവരെ ബോധ്യപ്പെടുത്തണം. ഈ ഭേദഗതി സ്വീകരിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. ജോർജ്ജു് : സർ, ഞാൻ ശ്രീ. സി. എ. മാത്യുവിന്റെ ഭേദഗതിയെ അനുകൂലിക്കുകയാണു്. ശ്രീ. ചന്ദ്രശേഖരൻനായർ പറഞ്ഞു; ഈ രാജ്യത്തെ സഹകരണപ്രസ്ഥാനം വേണ്ടരീതിയിൽ നടക്കുന്നില്ല, അതുകൊണ്ടു് അവരെ ഏല്പിച്ചാൽ പാവപ്പെട്ട കൃഷിക്കാർക്കു് അതുകൊണ്ടു് ഗുണമുണ്ടാകുകയില്ലെന്നു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അങ്ങനെയല്ല ഞാൻ പറഞ്ഞതു്; ഇന്നുള്ള സഹകരണ സംഘങ്ങളെ ഏല്പിക്കുന്നതു ശരിയല്ലെന്നാണു്.

ശ്രീ. കെ. എം. ജോർജ്ജു് : നിലവിലുള്ള സംഘങ്ങളെ ഏല്പിക്കണമെന്നല്ല ഭേദഗതിയിൽ പറയുന്നതു്. ഇങ്ങനെയാണു്.

"Co-operative farming society or co-operative farm means a society registered as such under the provisions of the law relating to registration of co-operative societies for the time being in force'.

നമ്മുടെ സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിൽ കാര്യമായ ഭേദഗതി വരുത്തുന്നതിനുള്ള നിയമം തന്നെ ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. പ്രധാനമായ ഒരു നിയമനിർമ്മാണം ഭൂമിയുടെ കാര്യത്തിലും, കാർഷിക രംഗത്തും സ്വീകരിച്ചു കഴിഞ്ഞാൽ, തീർച്ചയായിട്ടും സഹകരണപ്രസ്ഥാനത്തിനു് ആവശ്യമായ ഭേദഗതികളും നിയമംമൂലം കൊണ്ടുവരേണ്ടതായിവരും. അങ്ങനെ സഹകരണപ്രസ്ഥാനത്തെ ശരിപ്പെടുത്തുകയും, സപ്ലീസു് കോവാപ്പറേറീവു് സൊസൈറ്റികളും, ജായിൻറ് കോവാപ്പറേറീവു് ഫാമിംഗ് സൊസൈറ്റികളും ഉണ്ടാക്കി ഭൂമി അവർക്കു വിട്ടുകൊടുത്തു കൃഷിനടത്തുകയും ചെയ്യണമെന്നാണു് പറയുന്നതു്. സഹകരണപ്രസ്ഥാനത്തിനു മൃഷ്ടുണ്ടെന്നും, മിച്ചഭൂമി സഹകരണാടിസ്ഥാനത്തിൽ കൊടുത്താൽ കുഴപ്പമുണ്ടെന്നും പറയുന്നതു ശരിയല്ല. തീർച്ചയായിട്ടും ഈ തരത്തിൽ കൃഷിനടത്താൻ ഭൂമിച്ചുമതലയുമേ നമ്മുടെ നാട്ടിൽ സഹകരണപ്രസ്ഥാനം ശരിയായരീതിയിൽ വേരുന്നുകയുള്ളു. നാം ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്നുള്ള പ്രധാന ലക്ഷ്യത്തോടുകൂടി ഒരു ഉപരിക്ഷ് ക്കാരം കൊണ്ടുവരുമ്പോൾ തീർച്ചയായിട്ടും ഈ ഭേദഗതി സ്വീകരിക്കാവുന്നതാണു്. ഈ നിയമംമൂലം കർഷകർക്കു ഗുണം ചെയ്യണമെന്നാണു് ഭരണകക്ഷിയുടെ ഉദ്ദേശമെന്നു പറഞ്ഞു. ശ്രീ. ചന്ദ്രശേഖരനും, ശ്രീ. കുഞ്ഞച്ചനും സംസാരിച്ചപ്പോൾ ഭൂമിയില്ലാത്ത വ്യക്തികൾക്കു ഭൂമിവിതരണം ചെയ്യണമെന്നാണു് ഉദ്ദേശിക്കുന്നതെന്നും സഹകരണ സൊസൈറ്റികൾ മുഖേന അല്ല വിതരണം ചെയ്താൽ യഥാർത്ഥത്തിൽ കർഷകരായ പലർക്കും അതിന്റെ നന്മ ലഭിക്കുകയില്ലെന്നും പറയുകയുണ്ടായി. അതനുസരിച്ചു്, ഇപ്പോൾ ഭൂമിയില്ലാത്ത കർഷക വ്യക്തികൾക്കു ഭൂമി കൊടുക്കാൻതന്നെ തീരുമാനിച്ചാൽ, അങ്ങനെ ഭൂമി വിതരണം ചെയ്താൽ ശാശ്വതമായി അവർ ആ ഭൂമി കൈവശംവച്ചു കൃഷിനടത്തുമെന്നുള്ളതിനു എന്താണു് ഉറപ്പു്? അതിനു വല്ല വ്യവസ്ഥയുമുണ്ടോ? ഭൂമി അന്യം കൈമാറ്റം ചെയ്യുന്നതെന്നു വല്ല നിയമവും ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

സീലിംഗ് ഏരിയായിൽകവിഞ്ഞ ഭൂമിയില്ലാത്തവർ, മറ്റുള്ളവരിൽനിന്നും സീലിംഗ് പരിധിവരെ ഭൂമിവാങ്ങാൻ ശ്രമിക്കും. അങ്ങനെ ക്രയവിക്രയംനടത്തുന്നതിനു ഈ ബിൽ അനുസരിച്ചു അവകാശമുണ്ടു്. കൃഷിചെയ്യണമെന്നു വലിയ താൽപര്യമില്ലാത്തവർ, അല്ലെങ്കിൽ മറ്റേതെങ്കിലും അത്യാവശ്യം മൂലം ഭൂമി വിൽക്കാൻ നിർബന്ധിതരാകുന്നവർ അവരുടെ ഭൂമി പലപ്പോഴും കൈമാറ്റം ചെയ്യാനുള്ള സാധ്യതയും ധാരാളമുണ്ടു്. ഇപ്പോൾ കുറച്ചു ഭൂമിയില്ലാത്തവർക്കു ഭൂമിവിതരണം ചെയ്താലും അവർ ആ ഭൂമി കൃഷിചെയ്യാതെ, ആവശ്യമുള്ളവർക്കു ഇരട്ടിവില വാങ്ങിയിട്ടു കൊടുത്തെന്നുവരും. അങ്ങനെ ഈ നിയമം മൂലംവിതരണം ചെയ്യപ്പെടുന്ന ഭൂമി വീണ്ടും പലരുടെയും കൈവശമായിത്തീരുന്നതാണു്. കാലക്രമേണ പിന്നെയും ഈ രാജ്യത്തു് തീരെ ഭൂമിയില്ലാത്ത ഒരു വിഭാഗം ആളുകൾ ഉണ്ടാകാനും ഇടയുണ്ടു്.

ശ്രീ. പൊന്നറ. ജി. ശ്രീധർ : അന്നു് വേറൊരു നിയമമല്ലോ ?

ശ്രീ. കെ. എം. ജാർജ്ജു് : ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബില്ലിന്റെ വെളിച്ചത്തിൽനോക്കിയാൽ, ഭൂമിയില്ലാത്തവർക്കു കൃഷി ചെയ്യാൻ ഭൂമി കൊടുത്താലും അതു അധികദിവസം അവരുടെ കൈവശം ഇരിക്കണമെന്നു നിർബ്ബന്ധമില്ല.

ശ്രീ. പി. ടി. ചാക്കോ : ഫാർസ്സിന്റെ ഏരിയായിൽനിന്നും 32,000 ഏക്കർ ഭൂമിയിൽ പതിനഞ്ചര ശതമാനം ഭൂമി തീരെ ഭൂമിയില്ലാത്ത കർഷകർക്കു വിതരണംചെയ്തിരുന്നു, അതിൽ വളരെ കുറച്ചുപേർമാത്രമേ ഇന്നു അവിടെ കൃഷിനടത്തുന്നുള്ളു. അധികവും വിറ്റുപോയിട്ടുള്ളതാണെന്നറിയാമോ ?

ശ്രീ. കെ. എം ജാർജ്ജു് : അങ്ങനെ കൊടുത്ത ഫാർസ്സിന്റെ ബഹുഭൂരിപക്ഷം ആളുകളും ഒന്നരണ്ടു് അധികം കിട്ടുന്ന കാശുവാങ്ങിയിട്ടു് അടുത്തവണ്ടിക്കു സ്ഥലംവിട്ടിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്, നാം ഏതു നിയമം ഉണ്ടാക്കിയാലും ഭൂമിയുടെ ക്രയവിക്രയസ്വാതന്ത്ര്യം ഉള്ളിടത്തോളംകാലം ഈ കുഴപ്പം ഉണ്ടായിക്കൊണ്ടിരിക്കും. ഏറ്റവും പ്രധാനമായി നടക്കേ ശ്രദ്ധിക്കാനുള്ളതു് ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണു്. ആ ലക്ഷ്യം പ്രാപിക്കുന്നതിനുവേണ്ടി വളരെ സഹായകമായ ഒരു ഭേദഗതിയാണു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നാണു് എന്റെ വിനീതമായ അഭിപ്രായം. ക്രയവിക്രയത്തെ പരിപൂർണ്ണമായി തടയുക എന്നു പറഞ്ഞാൽ അതു ശരിയായിരിക്കയില്ല. ആ നിലയ്ക്കു് ചെറുകിട ഭൂവുടമകളും, കർഷകത്തൊഴിലാളികളും കാലാന്തരത്തിൽ നിസ്സഹായരായിത്തീരുന്ന സാഹചര്യം ഉണ്ടാകാതെ, അവരെയെല്ലാം സഹകരണമേഖലയിലേയ്ക്കു് ആനയിക്കുന്ന ഈ പദ്ധതി നാം അംഗീകരിക്കുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു പറയാനുള്ളതു്. ഉൽപ്പാദനവർദ്ധനവാണല്ലോ നമ്മുടെ പരമപ്രധാനമായ ലക്ഷ്യം. അതിനു് കൃഷിനടത്താൻ അഭിരുചിയുള്ളവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു് പ്രവർത്തിച്ചാൽ മാത്രമേ സാധിക്കൂ. അതിനു ഏറ്റവും സഹായകമായ ഈ പദ്ധതി ഈ നിയമത്തിൽ ഒരു വകുപ്പായിട്ടു് ഉൾപ്പെടുത്തിക്കേണ്ടതാണു് ഈ നിയമനിർമ്മാണത്തിന്റെ അടിസ്ഥാനതത്വം ഇതാണു്. ഈ കാര്യത്തിൽ ഈ ഭാഗത്തുള്ളവർക്കെല്ലാം യോജിപ്പാണുള്ളതു്. നാഗപ്പൂർ പ്രമേയംമൂലം കോൺഗ്രസ്സിന്റെ നിലപാടു് വളരെ വ്യക്തമാക്കിയിട്ടുണ്ടു്. നാഗപ്പൂർ പ്രമേയം ഈ നിയമനിർമ്മാണത്തിനു പ്രചോദനം നൽകിയിട്ടുണ്ടെന്നു പറയുന്നതു ഒരുനിലക്കും ഈ ഭേദഗതിയെസംബന്ധിച്ചിടത്തോളം വിപരീതമായ ഒരു നിലപാടു് സ്വീകരിക്കുന്നതു കഷ്ടമാണു്. വ്യക്തികൾക്കു ഭൂമി കൊടുക്കുക എന്ന ലക്ഷ്യംതന്നെ കമ്മ്യൂണിസ്റ്റുപാർട്ടി ഇന്നു സ്വീകരിച്ചിരിക്കുന്നതു് അവസാനം ഭൂമി പൊതുസ്വത്താകണമെന്നുള്ള ഉദ്ദേശത്തിലാണു്. ഈ ബിൽ ആദ്യമായി ഇവിടെ അവതരിപ്പിച്ച അവസരത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതു് ഈയവസരത്തിൽ പ്രത്യേകം ഓർക്കേണ്ടതാണു്. ഈ ബിൽ അവതരിപ്പിക്കുന്നതു് കമ്മ്യൂണിസ്റ്റുപാർട്ടിയെസംബന്ധിച്ചിടത്തോളം അവരുടെ പ്രവർത്തനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്]

ഒരു നാഴികക്കല്ലാണ്. ഈ പ്രശ്നം പ്രവർത്തനത്തിലായിരുന്ന അന്നു അദ്ദേഹം പറഞ്ഞതു. അന്നു് അദ്ദേഹം വളരെ മാന്യമായ വാചകത്തിൽ അതു പറഞ്ഞതിനു് ഞാൻ നന്ദി പറയുകയാണു്. അതിനെ വിശദീകരിക്കേണ്ട ആവശ്യമില്ല. അതിന്റെ അർത്ഥം അതുപോലെ മനസ്സിലാക്കുന്നതേയുള്ളൂ. കമ്മ്യൂണിസ്റ്റ്പാർട്ടി; ഭൂമിയില്ലാത്ത കർഷകർക്കു ഭൂമിവിതരണം ചെയ്തിട്ടു്, അവരെ സ്വതന്ത്ര പൗരന്മാരായിട്ടു് അവസാനകാലംവരെ; പണിയെടുക്കുന്ന സ്വതന്ത്ര കർഷകപൗരന്മാരായിട്ടു്, വളരാൻ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അത്യന്തികമായിട്ടു് പാർട്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതു് ഭൂമിമുഴുവൻ സർക്കാർവകയാണെന്ന തത്വമായിരിക്കും. ഭൂമി കർഷകർക്കായിട്ടു് നൽകണമെന്നു്, സ്ഥിരമായിട്ടു് നൽകണമെന്ന പാർട്ടി വിശ്വസിക്കുന്നില്ല. ഇങ്ങനെ വ്യക്തികൾക്കു ഭൂമി വിതരണം ചെയ്തിട്ടു്, ഉൽപ്പാദനം വർദ്ധിപ്പിക്കാനാണു് നിങ്ങളുടെ ഭൂമിയുൽപ്പാദിപ്പിച്ചു്, ഉൽപ്പാദനം വർദ്ധിച്ചിട്ടില്ല, നിങ്ങൾ കൃഷിനടത്തിയതിൽ ഉൽപ്പാദനം ശോചനീയമായിപ്പോയി എന്നെല്ലാം കാരണം പറഞ്ഞു് എല്ലാവരെയും കോവാപ്പറേറീവു് ഫാമിംഗ് സൊസൈറ്റിയിൽ ചേർത്തു്, ഒരുതരം കുടിപ്പള്ളിക്കൂടത്തെപ്പോലെ ആക്കിത്തീർക്കുന്നതിനാണു് പാർട്ടി ലക്ഷ്യം വച്ചിരിക്കുന്നതു്. അതുതന്നെയാണു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സഹധർമ്മിണിയുടെ താൽപര്യവും. ഇതു് അവസാനത്തെ പടിയല്ല, ഒരു നാഴികക്കല്ലു് മാത്രമാണെന്നു പറഞ്ഞതിന്റെ സാരം അതാണു്. സർ, ഈ ഭാഗത്തുനിന്നും ഇങ്ങനെയൊരു ചോദ്യം ഉണ്ടായപ്പോൾ, ആ ഭാഗത്തുള്ള പലരും ചോദിക്കുകയുണ്ടായി, സീലിംഗ് കഴിഞ്ഞുള്ള ഭൂമി ഇഷ്ടംപോലെ കൈകാര്യം ചെയ്യുന്നതിനു് ഒരു വർഷത്തെ കാലാവധി നൽകണമെന്നും, മിച്ചഭൂമി കോവാപ്പറേറീവു് ഫാമിംഗ് സൊസൈറ്റിമുഖേന കൃഷി നടത്തണമെന്നും പറയുന്നതു് ഈ ഭാഗത്തിരിക്കുന്നവരുടെ ഒരു അഭിപ്രായമല്ലേ എന്നു്. ഞാൻ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണു്. ഞങ്ങളും ഇപ്പോഴും ഈ വാദഗതിയിൽ ഉറച്ചുനിൽക്കുകയാണു്. അവസരംവരുമ്പോൾ വിശദമായി അതിനെപ്പറ്റി പറഞ്ഞുകൊള്ളാം. ഇന്നു് ഈ രാജ്യത്തെ ഏറ്റവും വലിയ ഭൂമി സർക്കാരാണു്. ഗവൺമെന്റിന്റെ കയ്യിലുള്ള വനഭൂമിയിലെ ഭൂമിയില്ലാത്ത കർഷകർക്കു വിതരണം ചെയ്യാൻ പോകുന്നുവെന്നും, എളമ്പുലാശ്ശേരി എസ്റ്റേറ്റ് ഭൂമി അങ്ങനെ വിതരണം ചെയ്യാനുണ്ടെന്നും ധനകാര്യമന്ത്രിതന്നെ ഇവിടെ പ്രഖ്യാപിച്ചു, ബഡ്ജറ്റു് പ്രസംഗത്തിൽ. ഇതുകൊണ്ടാണു് അതിനെപ്പറ്റി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല; ഉപഹാരിഷ്കരണം സംബന്ധിച്ചു ഈ നിയമത്തിൽ ഒരു ചാർട്ടറെപ്പറ്റി ഒന്നും തന്നെ വ്യവസ്ഥചെയ്തിട്ടുമില്ല. ഭൂമി വിതരണം ചെയ്യുന്നകാര്യത്തിൽ താൽപര്യമുള്ള ഗവൺമെന്റു് എന്തുകൊണ്ടു് അതിനു തയ്യാറായില്ല എന്നാണു ഞാൻ ചോദിക്കുന്നതു്?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : സർക്കാർവക ലാന്റു് അസൈൻചെയ്തുകൊടുക്കുന്നുണ്ടു്. അതു് ഈ ബില്ലിന്റെ സ്കോപ്പിൽ വരുന്നതാണോ?

ശ്രീ. കെ. എം. ജോർജ്ജ് : അതുകൊണ്ടാണു് ഈ ബില്ലിന്റെ സ്കോപ്പിൽ വരുത്തുന്നതേയുള്ളൂ. അങ്ങനെ വിതരണം ചെയ്യാനുള്ള ഭൂമികൂടി ഈ നിയമത്തിന്റെ വിധേയമാക്കാമായിരുന്നു.

ശ്രീ. കെ. ഗോവിന്ദൻ : ഗവൺമെന്റു് ഭൂമി ഇതിനു വരികയില്ല. സർപ്ലസ് ഭൂമി വീതിക്കാൻ അധികാരം കൊടുക്കണമെന്നു പറഞ്ഞാൽ പിന്നെ എന്തിനാണു് കോവാപ്പറേറീവു് സൊസൈറ്റികളും സംഘടിപ്പിക്കുന്നതു്?

ശ്രീ. കെ. എം. ജോർജ്ജ് : സഹകാര്യവുക്തികളുടെ കൈയ്യിൽനിന്നും എത്ര ഭൂമി കിട്ടുമെന്നു് നമുക്കു യഥാർത്ഥത്തിൽ പറയാൻപറ്റുകയില്ല. അങ്ങനെ കണക്കുണ്ടായിരുന്നെങ്കിൽ പല ചിന്താക്കുഴപ്പങ്ങളും ഒഴിവാക്കാമായിരുന്നു. ഇപ്പോഴും ഉദ്ദേശത്തിന്റെ പേരിലാണു് പ്രവർത്തിക്കുന്നതു്. എന്നുവെച്ചു അതുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

കൈവശം മിച്ചഭൂമി ഉണ്ടാകും, അതുപോലെതന്നെ ഇന്നയിന്ന പ്രദേശത്തു ണ്ടാകും എന്നുള്ള ധാരണയിലാണു് മുമ്പോട്ടു പോകുന്നതു്. സർക്കാരിന്റെ ഭൂമി കൊടുക്കുമ്പോൾ ഭൂമി ഇല്ലാത്തവർക്കു കൊടുക്കുന്നതു് യഥാർത്ഥത്തിൽ അവരുടെ കൈവശം ഇരിക്കുന്നതിനും അതേ സമയത്തു രാജ്യത്തിന്റെ മൊത്തം താൽപ്പര്യമായ ഉൽപ്പാദനവർദ്ധനവിനു് തടസ്സമാകാതിരിക്കുന്നതിനും സഹകരണമേഖലയിലേയ്ക്കു കൊണ്ടുവരണമെന്നു പറഞ്ഞാൽ എന്താണു് ആക്ഷേപമെന്നാണു് ഞാൻ ചോദിക്കുന്നതു്.

ശ്രീ. കെ. ഗോർഗ്ഗവൻ : ഗവണ്മെൻറ്ഭൂമി വിതരണം ചെയ്യുന്നതിനു് എന്തു സമ്പ്രദായം സ്വീകരിക്കണമെന്നുള്ളതു് ഈ ബില്ലിൽ വരുന്നില്ല. പ്രൈവറ്റു് ലാൻറ്റ് സർപ്ലസ് ഉള്ളതു മുഴുവൻ വിൽക്കാൻ അനുവദിച്ചാൽ പിന്നെ സഹകരണമേഖലയിലേയ്ക്കു് വിടാൻ എവിടെയാണു് ഭൂമിയുള്ളതു് ?

ശ്രീ. പി. ടി. ചാക്കോ : കൈമാറ്റം ചെയ്യാൻ സമയം കൊടുക്കേണ്ടെന്നു് നാം തീരുമാനിച്ചാൽ കോവാപ്പറേറീവു് ഫാമിംഗിനു് മിച്ചഭൂമി മുഴുവൻ വിടാൻ തയ്യാറാകുമെന്നു ശ്രീ. ജോർജ്ജു് വിചാരിക്കുന്നുണ്ടോ ?

ശ്രീ. കെ. എം. ജോർജ്ജു് : ഇല്ല. ഗവണ്മെൻറിന്റെ കൈവശം ഉള്ള ഭൂമി കർഷകതൊഴിലാളികൾക്കു കൊടുക്കുമ്പോൾ അതു് ആ തൊഴിലാളികുടുംബങ്ങളുടെ കയ്യിൽ ഇരിക്കുന്നതിനും അതേ സമയത്തു് കഴിയുന്ന ത്ര ഉൽപ്പാദനം ഉണ്ടാകത്തക്കവിധത്തിലും ഉള്ള ഒരു നിലപാടു് സ്വീകരിക്കുന്നതിൽ എന്താണു് ആക്ഷേപം. ശ്രീ. ഗോർഗ്ഗവൻ ചോദിക്കുകയുണ്ടായി ഭൂമി വിറ്റുപോയാൽ പിന്നെ ഭൂമി എവിടെയുണ്ടെന്നു് ? ഭൂമി ആരാണു വിൽക്കുന്നതു് ? അതു പൈസാക്കാർക്കോ അമേരിക്കാക്കാർക്കോ ഒന്നും വിൽക്കുന്നില്ല. സീലിംഗിനു് താഴെയുള്ള കേരളത്തിലുള്ളവർക്കാണു് വിൽക്കുന്നതു്. അവർ വാങ്ങിച്ചാൽ കൃഷിക്കു എങ്ങനെ ദോഷം വരും. അങ്ങനെയുള്ള ആളുകൾക്കു ഭൂമി കിട്ടാതിരിക്കുന്നതിനു് അവർ എന്തു തെറ്റു ചെയ്തു. അങ്ങനെയാണെങ്കിൽ ആർക്കും ഭൂമി പാടില്ലല്ലോ.

ശ്രീ. ഇ. പി. ഗോപാലൻ : മിച്ചഭൂമി എടുത്തു വിതരണം ചെയ്താൽ മറ്റു രാജ്യക്കാർക്കു പോകുമോ ?

ശ്രീ. കെ. എം. ജോർജ്ജു് : എന്നല്ല ഞാൻ പറയുന്നതു് ? മിച്ചഭൂമി കർഷകത്തൊഴിലാളികൾക്കു കിട്ടുന്നതു് താൽക്കാലികമായിരിക്കരുതു്. ആ കുടുംബങ്ങൾ ആ ഭൂമിയിൽ കൃഷി ചെയ്തു വിളവു വർദ്ധിപ്പിച്ചു അതിൽതന്നെ ഉറച്ചുനിന്നു് ജീവിക്കാൻ ഇടവരണമെങ്കിൽ ഈ ഭേദഗതിയുടെ അടിസ്ഥാനത്തിൽ മുമ്പോട്ടു പോകണം. മിച്ചഭൂമിയുള്ള ഏതാനും ആളുകൾ പരിധിയ്ക്കു പുറത്തുള്ളതു് വിറ്റാൽ പരിധിയിൽ കുറഞ്ഞ കൃഷിക്കാരാണു് വാങ്ങുന്നതു്. അവർക്കു എന്തു വിലയ്ക്കു കൊടുത്തുവെന്നോ വെറുതേയാണോ കൊടുത്തതെന്നോ നോക്കേണ്ട കാര്യമില്ല. അതുകൊണ്ടു സീലിംഗു് നിശ്ചയിച്ചിട്ടു പിന്നെയും ഒരു വിൻഡിക്കേറ്റീവു് നിലപാടു് എടുക്കുന്നതു് ശരിയല്ല. ശ്രീ. ഗോർഗ്ഗവൻ ചോദിച്ചതു് എന്തുകൊണ്ടാണു് എന്നു വ്യക്തമാണു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : കോവാപ്പറേറീവു് ആക്ടനുസരിച്ചു് രജിസ്റ്റർചെയ്യുന്ന സൊസൈറ്റികൾക്കു കൊടുക്കണം. അപ്പോൾ മിച്ചഭൂമി കൊടുത്തു കഴിഞ്ഞവർക്കും അംഗങ്ങളാകാം.

ശ്രീ കെ. എം. ജോർജ്ജു് : എന്റെ പ്രസംഗത്തിന്റെ ആദ്യഭാഗം കേട്ടതുതോന്നുന്നില്ല. ശ്രീ. മാത്യുവിന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതും ഇന്നു നിലവിലിരിക്കുന്ന നിയമമെന്നല്ല.

ശ്രീ. ടി. എ. തോമ്മൻ : ഇപ്പോഴത്തെ ആക്ടിൽ കോവാപ്പറേറീവു് സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിനു ഇന്നതരക്കാർ അംഗങ്ങളായിരിക്കണമെന്നു ഒരു വ്യവസ്ഥ ചേർത്താൽ ഭൂമിയില്ലാത്തവരുടെ മാത്രം ആയിരിക്കയില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ് : ശ്രീ. മാത്യുവിന്റെ ഭേദഗതിയിൽ ഇങ്ങനെയാണ് പറയുന്നത്.

"Co-operative Farming Society or Co-operative Farm means a society regi tered as such under the provisions of the law relating to registration of Co-operative Societies for the time being in force".

അന്ന് നിലവിലുള്ള നിയമമനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന സഹകരണ സംഘം എന്നു പറയുന്നുണ്ട്. അപ്പോൾ ആ നിയമത്തിൽ ഭേദഗതി വേണമെന്ന് ഈ ഭേദഗതി കൊണ്ടുവരുന്നുണ്ട്. ഇങ്ങനെ ഭൂമി കൊടുത്താൽ ആ ഭൂമി മറ്റുള്ളവർക്ക് കൊടുക്കാൻ പാടില്ലെന്ന നിബന്ധനയുള്ളിടത്തോളം നിയന്ത്രിക്കയും അങ്ങനെ അവരെ രക്ഷിക്കാനും അവരുടെ സ്വത്തു് നിലനിർത്താനും അവരുടെ വ്യക്തിത്വം വളർത്താനും കഴിയുമെങ്കിൽ തീർച്ചയായും മുകളിൽ പറഞ്ഞ നിലപാട് സ്വീകരിക്കേണ്ടതു് ആവശ്യമാണെന്നു് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. കെ. ദാമോദരൻ : മീച്ചഭൂമി ഇണ്ടാകുകയില്ലല്ലോ. അതു വേറെയാക്കുകിലും അല്ലേ വിളിക്കുന്നതു്?

ശ്രീ. കെ. എം. ജോർജ്ജ് : ഒരു വ്യക്തിക്ക് 15 ഏക്കർവരെ വച്ചുകൊണ്ടിരിക്കാൻ അവകാശമുണ്ട്. ആ നിലപാട് സ്വീകരിക്കുന്നതിൽ നിന്നു് അവരെ തടയേണ്ട ആവശ്യമുണ്ടോ? നാം നിശ്ചയിക്കുന്ന പരമാവധിവരെ വയ്ക്കാൻ എല്ലാവർക്കും അവകാശമുണ്ട്. അതു എങ്ങനെ കിട്ടിയെന്നു മുഴിഞ്ഞുനോക്കേണ്ട കാര്യമില്ല. ഒരു രാഷ്ട്രത്തിനു ഒരു വ്യക്തിയുടെയും കുടുംബത്തിന്റെയും കാര്യത്തിൽ ഒരു പരിധിവരെ കൈകടത്താൻ അവകാശമുണ്ട്. ആ പരിധി വിട്ടാൽ ജനാധിപത്യരാഷ്ട്രം അല്ലാതായിത്തീരും. അതെല്ലാം അടിസ്ഥാനതത്വമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : വ്യക്തിയുടെ അടിസ്ഥാനത്തിൽ കൃഷിപാടില്ലെന്നു ബഹുമാനപ്പെട്ട മെമ്പർ അംഗീകരിക്കുമോ?

ശ്രീ. കെ. എം. ജോർജ്ജ് : അതു ചെയ്യണമോ? ന്യായമായ നിയന്ത്രണങ്ങൾ വച്ചാൽ പോരേ? "We must help the Indian peasant instead of him" എന്നു് ഒരു നിലപാടുണ്ട്. പക്ഷേ അതിനും ഒരു പരിധിയുണ്ട്. സഹകരണ പ്രസ്ഥാനംവഴി അവരെ പഠിപ്പിക്കയും അവർക്ക് സ്വയം നന്നാകുന്നതിനു പ്രേരിപ്പിക്കയും ചെയ്യുന്നതിൽ കവിഞ്ഞുള്ള രാഷ്ട്രീയ കൈകടത്തൽ ഒരു ജനാധിപത്യ സംഘ്രമായത്തിനും യോജിച്ചതല്ല. അതു കൊണ്ടാണ് ചെറുകിട കാർഷികതൊഴിലാളികൾക്കു ഭൂമി കൊടുത്തശേഷം അതു് അന്യാധീനം ചെയ്യാൻ പാടില്ലെന്ന നിയന്ത്രണം വരികയാണെങ്കിൽ ശരിയായിരിക്കുമോ എന്നു് ഞാൻ സംശയിക്കുന്നതു്. തീർച്ചയായും ഭൂമിയില്ലാത്ത കൃഷകതൊഴിലാളികളെ രക്ഷിക്കയും അവരെ സ്വതന്ത്രപൗരന്മാരാക്കിത്തീർക്കയും വേണം. അവരുടെ വ്യക്തിത്വം നഷ്ടപ്പെടാതിരിക്കത്തക്കവണ്ണം അവരെ വളർത്താനും വികസിക്കാനും സഹായിക്കുകയാണ് നമ്മുടെ ഉദ്ദേശമെങ്കിൽ ഈ ഭേദഗതി സ്വീകരിക്കണം. ഒരിഞ്ചു ഭൂമിയും സ്വകാര്യവ്യക്തികളുടെ കൈയിൽ നിന്നും കിട്ടിയില്ലെങ്കിൽ തന്നെയും എനിക്കറിയാവുന്ന കണക്കുകളനുസരിച്ചു യഥാർത്ഥത്തിൽ കൃഷിചെയ്യാൻ തയ്യാറുള്ള അല്പസ്വല്പം സെൻറ് ഭൂമി മാത്രം കൈവശമുള്ള കർഷകർക്ക്, യഥാർത്ഥത്തിൽ മണ്ണിനെ സ്നേഹിച്ചു കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്താൻ തയ്യാറുള്ള കർഷകർക്ക്, ഗവണ്മെൻറിനു കൈവശം കൊടുക്കാൻ ഭൂമിയുണ്ട്. കൃഷിഭൂമി കർഷകനെന്നു് വിളിച്ചു വേല ചെയ്യാതെ നടക്കുന്നവരുടെ കാര്യമല്ല ഞാൻ പറയുന്നതു്. ഞാൻ പറഞ്ഞതുപോലെ മുഴുവൻപേർക്കും കൊടുക്കാൻ ഭൂമിയില്ലെങ്കിലും 90ശതമാനം പേർക്ക് കൊടുക്കാൻ കാണും. ആ ഭൂമി കൊടുക്കണം

LIBRARY ARCHIVES Kerala Legislative Assembly

തിനെ സംബന്ധിച്ചു ഏറ്റവും വലിയ ഭൂഉടമസ്ഥനായ സർക്കാർ ഇതുപോലെയുള്ള ഒരു നിലപാടു് സ്വീകരിക്കുന്നതു ശരിയാണോ? ഭൂമി കൊടുക്കാൻ എവിടെ കിട്ടുമെന്ന പ്രശ്നം ഉന്നയിക്കുന്നതു ഒരു രാഷ്ട്രീയ പ്രചരണം മാത്രമാണു്.

അടുത്തതായി ഭൂമി ചോദിച്ചുകിട്ടുകയില്ല; അങ്ങനെയാകുമ്പോൾ സഹകരണസംഘങ്ങൾ രൂപീകരിക്കണമെന്നുള്ള ഭേദഗതി സ്വീകരിച്ചാൽ ഒരു പ്രയോജനവും ഉണ്ടാവുകയില്ല എന്നു് ഒരു വാദം ഇവിടെയുണ്ടായി, ശ്രീ. ചന്ദ്രശേഖരൻനായരെപ്പോലെയുള്ള ഒരംഗം ഇതു പറയുന്നതിൽ എനിക്കു അത്ഭുതമുണ്ടു്. ഇൻഡ്യയിൽ പ്രത്യേകിച്ചും, കേരളത്തിൽ ശ്രീ പൊന്നറ ശ്രീധർ പറഞ്ഞതുപോലെ വളരെ ചെറിയ തുണ്ടുഭൂമികൾമാത്രം കൈവശമുള്ള ലക്ഷക്കണക്കിനാളുകൾ ഉള്ളപ്പോൾ ഭൂമി തുണ്ടുതുണ്ടു് ആകുന്നല്ലോ എന്നുള്ള പരിദേവനത്തിന്റെ അർത്ഥം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ നിയമം ഭൂമി കൂടുതൽ തുണ്ടുതുണ്ടാകാനാണു് സഹായിക്കുന്നതു്. അങ്ങനെ തുണ്ടുതുണ്ടാകുന്നതിൽനിന്നും രക്ഷനേടണമെങ്കിൽ ഞാൻ മുമ്പു രേവസരത്തിൽ സൂചിപ്പിച്ചതുപോലെയും പല ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ പറഞ്ഞിട്ടുള്ളതുപോലെയും ഭൂമിയുടെ മേലുള്ള അമിതമായ ഭാരം കുറയ്ക്കുന്നതിനുവേണ്ടിയും വ്യവസായവൽക്കരണം ഉണ്ടാകണം. അപ്പോൾമാത്രമേ കൃഷിവൃത്തിയിൽനിന്നുള്ള താങ്ങാനാകാത്ത ഭാരം ഭൂമിയിൽ നിന്നും ഒഴിഞ്ഞുകിട്ടുകയുള്ളു. അതും കൂടി കണക്കിലെടുത്തുവേണം ഈ നിയമം ശരിയാക്കേണ്ടതു്. ചുരുക്കത്തിൽ ഇന്നത്തെ ഭൂമി മുഴുവൻ തുണ്ടുതുണ്ടായി കിടക്കയാണു്. അതു മാറ്റാനുള്ള പരിപാടിയാണു് വേറൊന്നാണു്. ഭൂമി തുണ്ടുതുണ്ടായേ കിട്ടുകയുള്ളു. അതൊരു വിഷമമാകും എന്നു പറയുന്നതു് ഈ രാജ്യത്തെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെട്ടതെന്നു എനിക്കു തോന്നുന്നില്ല. കാർഷികോല്പാദനം വർദ്ധിപ്പിക്കേണ്ട ആവശ്യകതയെപ്പറ്റി നമുക്കെല്ലാവർക്കും ഒരുപോലെയുള്ള അഭിപ്രായമാണുള്ളതു്. അങ്ങനെ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനു ഏതാനും സെന്റോ അല്ലെങ്കിൽ ഏക്കർ ഭൂമിയോ ഏതാനും ആളുകളെ ഏൽപ്പിച്ചു് അവർതന്നെ കാളയും വളവുമെല്ലാം വാങ്ങി കൃഷിയും മാർക്കറ്റിംഗും നടത്തിക്കൊള്ളുമെന്നു വിചാരിച്ചാൽ തീർച്ചയായും നടക്കുകയില്ലെന്നു നമുക്കറിയാം. 50 ശതമാനത്തോളം ക്ഷ്യുക്കമ്മിയുള്ള ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം, അതുപോലെതന്നെ മണിക്രാപ്സ് രംഗങ്ങളിലും ഉല്പാദനവർദ്ധനവു ഉണ്ടാകത്തക്ക രീതിയിലുള്ള നിലപാടു് എടുക്കേണ്ടതാണു്.

എന്റെ അഭിപ്രായത്തിൽ സർവ്വീസ് കോവാപ്പറേഷന്റെ അടിസ്ഥാനത്തിൽ, ഉല്പാദനം വർദ്ധിപ്പിച്ചില്ലെങ്കിലും വേണ്ടുകില്ല, ഇന്നുള്ളതിനേക്കാൾ താഴെയുള്ള ഒരു നിലയിലേയ്ക്കു് പോകാതിരിക്കാൻ ഗവണ്മെന്റു മുൻകൈ എടുത്തില്ലെങ്കിൽ, നമ്മുടെ രാജ്യത്തിന്റെ ഭാവി വളരെ ഭയാനകമായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതുകൊണ്ടാണു് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. ഈ ഭേദഗതിയിൽ പോരായ്മ വല്ലതും ഉണ്ടെങ്കിൽ അതു പരിഹരിക്കാവുന്നതാണു്. വ്യത്യാസം എന്തെങ്കിലും വരുത്തണമെന്നുണ്ടെങ്കിൽ, വരുത്താം. ഇതിലടങ്ങിയിട്ടുള്ള തത്വം ഗവണ്മെന്റു സ്വീകരിക്കണമെന്നുള്ളതാണു് എനിക്കു പറയുവാനുള്ളതു്. ഇക്കാര്യത്തിൽ നമുക്കൊരു ലക്ഷ്യം ഉണ്ടായിരിക്കേണ്ടതാണു്. ആ ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ ഒരു തത്വം ഈ ഭേദഗതിയിൽ അടങ്ങിയിട്ടുണ്ടു്. നമ്മുടെ ലക്ഷ്യം മൊത്തത്തിൽ കർഷകതൊഴിലാളികളുടെയും കർഷകരുടെയും നില അഭിവൃദ്ധിപ്പെടുത്തി രാജ്യത്തിന്റെ ഭാവി നന്നാക്കണമെന്നുള്ളതാണു്.

സർ, ഞാനിതിനെപ്പറ്റി ഇതിലധികം കൂടുതൽ പറഞ്ഞില്ല. ശ്രീമാൻ ചന്ദ്രശേഖരൻനായരും, കെ. ഭാർഗ്ഗവനും മറ്റും ഈ ഭേദഗതിയെ എതിർക്കുന്നതായി കണ്ടതുകൊണ്ടാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഭൂമിയെല്ലാം സഹകരണസംഘങ്ങളുടെ കീഴിലാക്കണമെന്നാണോ കൗൺസ്സ്പാർട്ടി അഭിപ്രായപ്പെടുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജാർജ് : അങ്ങനെ പറഞ്ഞില്ല. അതിലും ചില പരിമിതികളുണ്ട്. കഴിവുള്ളിടത്തോളം ഭൂമി സഹകരണസംഘങ്ങളെ ഏല്പിക്കണമെന്നാണ് കോൺഗ്രസ്സ് പാർട്ടി പറഞ്ഞത്. എന്റെ അഭിപ്രായത്തിൽ മിച്ചംവരുന്ന എല്ലാ ഭൂമിയും സഹകരണസംഘങ്ങളെ ഏല്പിക്കുന്നതിൽ ആക്ഷേപമില്ല.

ശ്രീ. സി. എ. മാത്യു : സർ, ഇവിടെ ഒരു സംശയം പുറപ്പെടുവിച്ചു. അതിനൊരു സമാധാനം പറഞ്ഞാൽ കൊള്ളാമെന്നുണ്ട്.

മി. സ്പീക്കർ : അതിനു സമയം പിന്നീടു ലഭിക്കുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാണ്. ഈ ഭേദഗതിയെ എതിർക്കുന്നവർ ഈ രാജ്യത്തെ സഹകരണ പ്രസ്ഥാനത്തേയും സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനത്തേയും തന്നെ എതിർക്കുന്നവരാണെന്നു ഞാൻ പറയും. ഇൻഡ്യയിലെ റൂറൽ ക്രെഡിറ്റ് സർവ്വേ അന്വേഷണക്കമ്മറ്റിയുടെ റിപ്പോർട്ടിൽ, അതിന്റെ ആരംഭത്തിൽത്തന്നെ പറയുന്നുണ്ട്, ഇൻഡ്യയിൽ, സഹകരണപ്രസ്ഥാനം വിജയിച്ചിട്ടില്ലെന്നും അതു വിജയിക്കേണ്ടതു് അത്യാവശ്യമാണെന്നും, കാരണം, സഹകരണ പ്രസ്ഥാനം അഭിവൃദ്ധിപ്പെട്ടു കൂടാതെ, ഇൻഡ്യയുടെ സാമ്പത്തിക അടിസ്ഥാനം ഉറപ്പിക്കാനും സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്തുവാനും സാധ്യമല്ല. ഇതു ഗവണ്മെന്റിന്റെ അംഗീകൃതനയം അതാണെന്നു മെമ്പർ കോൺഗ്രസ്സിന്റെ സോഷ്യലിസ്റ്റിനെ സംബന്ധിച്ചു പറയുമ്പോൾ മന്ത്രിമാർ അത്യാവശ്യപൂർവ്വം പ്രസംഗിക്കുന്നതു് നാം ഇവിടെ കേൾക്കാറുണ്ട്.

ഈ ബില്ലിന്റെ പ്രധാന ഉദ്ദേശം ഭൂമിയുടെ ഉടമാവകാശവും കൈവശവും വ്യവസ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതിനെ കഴിയുന്നതും ഒരു വ്യക്തിയുടെ കയ്യിൽ എത്തിച്ചേരുവാൻ ശ്രമിക്കുകയെന്നുള്ളതാണ്. അതിന്റെ പ്രാരംഭ നടപടികളാണ് ഈ നിയമനിർമ്മാണം മുഖേന നാമിപ്പോൾ കൈക്കൊള്ളുന്നതു്. അതോടൊപ്പം, മേലാൽ പുതിയ നിലഉണ്ടാകാതെയിരിക്കുവാൻ എന്തു ചെയ്യണമെന്നുള്ളതുകൂടി ചിന്തിക്കുവാനുള്ളതാകുന്നു. അതും ഒരു പ്രധാന പ്രശ്നംതന്നെയാണ്. ഇന്നു് സ്റ്റേറ്റിലുള്ള മദ്ധ്യവർത്തികളെയെല്ലാം നീക്കം ചെയ്യണമെന്നു പറയുമ്പോൾ അതു സാവധാനത്തിൽ വരുത്തേണ്ടയൊരു പ്രശ്നമാണെന്നു പറയും. അതിൽ കുറെ വാസ്തവമില്ലാതില്ല. എന്നാൽ അങ്ങനെ മദ്ധ്യവർത്തികളെ നീക്കം ചെയ്യുവാൻവേണ്ടി നിയമനിർമ്മാണം നടത്തുമ്പോൾ, അതിൽത്തന്നെ മദ്ധ്യവർത്തികൾ മൂലമായിൽ ഉണ്ടാകുവാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതു് നിയമനിർമ്മാണമേയല്ല. വിനോബാജി പറയുന്നതു്, വായുവും വെളിച്ചവുംപോലെ ഭൂമിയും ദൈവത്തിന്റേതായിട്ടുള്ളതാണു്, അതെല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണു് എന്നു്. അദ്ദേഹം പറയുന്നതു് അപ്രായോഗികമാണെന്നു പറയാമെങ്കിലും, അതൊരു ആദർശമാണു്. ആ നിലയിൽ ഇങ്ങനെയൊരു നിയമനിർമ്മാണം ഉണ്ടാകുമ്പോൾ, സഹകരണപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുവാനും, മദ്ധ്യവർത്തികളെ ഇല്ലാതാക്കുവാനുമുള്ള നിബന്ധനകളും തീർച്ചയായും അതിനു വേണം. ഈ നിയമത്തിൽ, മിച്ചവസ്തുക്കൾ ഏറ്റെടുക്കുന്ന കാര്യത്തിലെങ്കിലും, ആ ഒരു നിലപാടു് സ്വീകരിക്കേണ്ടതാണു് ഗവണ്മെന്റ് കക്ഷിയും ആ തത്വം അംഗീകരിക്കുന്നു. പിന്നെ എന്തിനാണു് ഈ എതിർപ്പു്. മിച്ചഭൂമി വിറ്റഴിക്കുവാൻ ഒരു കൊല്ലത്തെ കാലം അനുവദിക്കണമെന്നു പറയുന്നവർക്ക് ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കുവാൻ അവകാശമുണ്ടായെന്നു ചോദിക്കുന്നു. ഇതു കേട്ടാൽ തോന്നും, ആ തത്വം ഗവണ്മെന്റംഗീകരിച്ചു കഴിഞ്ഞു, അതിനു വിരുദ്ധമാണു് ഈ ഭേദഗതി എന്നു്.

സംഗതി എന്താണു്? മിച്ചഭൂമിയെ സംബന്ധിച്ചു് ഇവിടെ മൂന്നു അഭിപ്രായങ്ങളാണു് ഭേദഗതികാരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതു്. അവയൊന്നുതന്നെ, വ്യക്തമായ രൂപം പ്രാപിച്ചിട്ടില്ല. ഒന്നാമതു്, മിച്ചഭൂമി വിൽക്കുവാനുള്ള അവകാശം കൊടുക്കണം; രണ്ടാമതു് അതുകൊണ്ടുമാത്രമായില്ല, അതു വിറ്റഴി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുകൊടുക്കണം; മൂന്നാമത്തെ അഭിപ്രായം സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യാമെന്നു സമ്മതിക്കുന്ന വ്യക്തികൾക്കു കൊടുക്കണം. ഈ മൂന്നഭിപ്രായങ്ങളിൽ ഏതാണു സ്വീകരിക്കേണ്ടതെന്നു തീരുമാനിക്കേണ്ടതു് സഭയുടെ അവകാശമാണു്. അതുതന്നെ പറയുകയുണ്ടായിട്ടുള്ളൂതാനും.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : കോൺഗ്രസ്സിന്റെ തീരുമാനം ഇതിൽ ഏതാണു്? മിച്ചഭൂമി വിൽക്കാൻ അവകാശം കൊടുക്കണമെന്നല്ലേ?

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ സഭയിൽ തീരുമാനിക്കുന്നതു് കോൺഗ്രസ്സിന്റെ അഭിപ്രായമല്ല; കമ്മ്യൂണിസ്റ്റിന്റെ പാർട്ടിയുടേതാണു്.

ശ്രീ. കെ. ഗോർഗ്ഗവൻ : മിച്ചഭൂമി മുഴുവൻ സഹകരണസംഘങ്ങളെ ഏല്പിക്കണമെന്നാണോ കോൺഗ്രസ്സിന്റെ അഭിപ്രായം?

ശ്രീ. എം. നാരായണക്കുറുപ്പു് : അതിനെപ്പറ്റി പറയുന്നതിനു മുമ്പു ഞാനങ്ങോട്ടൊരു ചോദ്യം ചോദിക്കാം. മിച്ചഭൂമി വിൽക്കാൻ അവകാശം കൊടുക്കുന്നതു സമ്മതമാണോ? ആ കാര്യം ശവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഗോർഗ്ഗവൻ : മിച്ചഭൂമി വിൽക്കാൻ അവകാശം കൊടുക്കണമെന്നാണു് കോൺഗ്രസ്സു് പാർട്ടി അഭിപ്രായപ്പെട്ടിട്ടുള്ളതു്. അല്ലാതെ സഹകരണസംഘങ്ങളെ ഏല്പിക്കണമെന്നല്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : അതു അഭിപ്രായവും അവർക്കുണ്ടെന്നു സമ്മതിക്കുന്നു. രണ്ടു അഭിപ്രായമുണ്ടു് ഈ കാര്യത്തിൽ അവർക്കുള്ളതു്. ഒന്നു്, മിച്ചഭൂമി വിൽക്കാൻ അവകാശം കൊടുക്കണം. അല്ലെങ്കിൽ, സഹകരണാടിസ്ഥാനത്തിൽ ഭൂമി വിതരണം ചെയ്യണം.

ശ്രീ. കെ. ഗോർഗ്ഗവൻ : അല്ലെങ്കിൽ എന്നല്ല;

ശ്രീ. എം. നാരായണക്കുറുപ്പു് : അതെന്തുമാകട്ടെ. ഇവിടെ ആ തത്വം നാം അംഗീകരിക്കണമോ എന്നാണറിയേണ്ടതു്. ബില്ലിൽ നിർദ്ദേശിക്കുന്ന സൊസൈറ്റികളുടെ പൂണ്ണരൂപമെന്താണു്? അതിന്റെ ചട്ടങ്ങളെന്തായിരിക്കണം? അതൊന്നും ഇവിടെ ചോദിക്കേണ്ട കാര്യമില്ല. മിച്ചഭൂമി അതിന്റെ യഥാർത്ഥവിലയുടെ 55 ശതമാനം വിലകൊടുത്താണു് വാങ്ങുന്നതെന്നോർമ്മിക്കണം. രാവിലെ ഒരാൾ ഭൂമി വാങ്ങി വൈകുന്നേരം അതൊന്നു പാട്ടത്തിനു കൊടുക്കാൻ നിയമപ്രകാരം ഒരു വിരോധവുമില്ല; വില്ക്കുകയും ചെയ്യാം. പക്ഷെ അങ്ങനെ കൊടുത്തുപോയാൽ, 45 ശതമാനം നഷ്ടം സമുദായം സഹിക്കണമെന്നാണു് വന്നിരിക്കുന്നതു്. സമുദായസേവനപരമായ ഒരാവശ്യത്തിനുവേണ്ടി ആ തുക സമുദായം സഹിക്കണ്ടതു് അവശ്യമായിരിക്കാം. എന്നാൽ അതു് ഈ രൂപത്തിൽ വേണമോ, സ്വത്തു വിട്ടുകൊടുക്കുന്ന ഈ പദ്ധതി ശരിയാണോയെന്നും മറ്റും ആലോചിക്കേണ്ടതുണ്ടു്. അതിന്റെ വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. ഇതിനെ സംബന്ധിച്ചു് പല ഭേദഗതികളും അവതരിപ്പിച്ചിട്ടുണ്ടു്. ഭൂമിയില്ലാത്തയാളിനു ഭൂമി കൊടുക്കണം. പക്ഷെ, കൊടുക്കുന്നതിന്റെ ഉപാധിയായി കിട്ടുന്നാളുകൾ ചേർന്നു സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യണമെന്നു വച്ചാൽ എന്താണു് വിരോധം? അതിലാണു് കമ്മ്യൂണിസ്റ്റ്പാർട്ടിക്കു നിർബന്ധം കാണുന്നതു്. ഇക്കാര്യത്തിൽ നിർബന്ധമാണു് എന്നു് കമ്മ്യൂണിസ്റ്റ്പാർട്ടി ചിന്തിക്കാൻ തുടങ്ങിയതുതന്നെ സാഹചര്യമായിട്ടാണു് ഞാൻ കണക്കാക്കുന്നതു്. ഇങ്ങനെയുള്ള കാര്യങ്ങളിൽ തലനാരു കീറുന്നതുപോലെയുള്ള നിർബന്ധം വേണമോ എന്നെന്നോടു ചോദിച്ചാൽ, വേണമെന്നു ഞാൻ പറയും. ഒരാൾ ഭക്ഷിണ കൊടുക്കുന്നു എന്നിരിക്കട്ടെ. അതു കിഴക്കോട്ടു തിരിഞ്ഞുനിന്നുവേണം വാങ്ങുവാൻ എന്നു പറഞ്ഞാൽ, വ്യക്തിസ്വാതന്ത്ര്യത്തോടു കാണിക്കുന്ന അന്യായമായ കൈകടത്തലാകുമോ? അതുപോലെയുള്ള ഒരന്യായമാണു് ഇക്കാര്യത്തിലും ഉണ്ടെങ്കിൽ ഉള്ളതു്. ഈ രാജ്യത്തുള്ളവരുടെ ഉദ്ദേശ്യശുദ്ധിയെ മാനിക്കുവാൻ തയ്യാറുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

കിൽ, ഈ ഭേദഗതിയെ എതിർക്കേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. മിച്ചഭൂമി വിതരണം ചെയ്യുവാൻ കഴിയുമെന്നു പറയുകയും അതേസമയം മിച്ചഭൂമി സഹകരണസംഘങ്ങൾക്കു വിതരണം ചെയ്യണമെന്നു് അഭിപ്രായപ്പെടുകയും, ചെയ്യുമ്പോൾ രണ്ടാമത്തെ പറഞ്ഞ കാര്യത്തിൽ ആത്മാർത്ഥതയുണ്ടോ എന്നും അതു് ആളുകളുടെ കണ്ണിൽ പൊടിയിടാനല്ലേ എന്നും നിർബന്ധം കാണിക്കുന്ന ഭരണകക്ഷിയുടെ അഭിപ്രായം എത്ര വേഗത്തിൽ മാറുന്നുവോ അത്രയും നന്നു എന്നേ എനിക്കു് ഇതിനെപ്പറ്റി പറയുവാനുള്ളൂ.

ശ്രീ. കെ. പി. ആർ. ഗോപാലൻ : അതാണുദ്ദേശമെങ്കിൽ സഹകരണസംഘത്തിൽ ചേരാൻ തയാറുള്ളവർക്ക് മാത്രം ഭൂമി കൊടുത്താൽ പോരേ? പഞ്ചായത്തിനെ ഏല്പിക്കണമെന്നുണ്ടോ.?

ശ്രീ. എം. നാരായണക്കുറുപ്പ് : ഉദ്ദേശമതാണു്. തത്വത്തിൽ യോജിപ്പുണ്ടെങ്കിൽ വിശദാംശങ്ങളെ സംബന്ധിച്ചു് യാതൊരു തർക്കവും ഉണ്ടാകാനിടയില്ല. ഇഷ്ടമുള്ളവർക്കു ഭൂമി കിട്ടണമെന്ന ആ ഭാഗത്തെ അഭിപ്രായവും സഹകരണസംഘങ്ങൾക്കു ഭൂമി വേണമെന്ന ഈ ഭാഗത്തെ അഭിപ്രായവും കൂട്ടിയിണക്കിക്കൊണ്ടുപോകുന്നതിനു യാതൊരു വിഷമവുമില്ല. തത്വത്തിൽ യോജിപ്പുണ്ടോ എന്നാണു് പ്രധാനമായി അറിയേണ്ടതു്. പ്രധാനമന്ത്രി നെഹറുവിനെ ഞങ്ങളേക്കാൾ വളരെയധികം ആ ഭാഗത്തുള്ളവർ പ്രശംസിക്കുമ്പോൾ, അദ്ദേഹം വളരെ പ്രധാനമായി എടുത്തുകൊണ്ടു്, ഭിവസമെന്നവണ്ണം സഹകരണപ്രസ്ഥാനം മുഖേനയുള്ള കാർഷികാഭിവൃദ്ധിയെപ്പറ്റി ഉൽബോധനം നടത്തിക്കൊണ്ടിരിക്കുകയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അതിന്റെ എതിരാളികളെ എതിർത്തുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ, അദ്ദേഹത്തിന്റെ കരങ്ങൾക്കു ശക്തികൂട്ടണമെന്നു പറയുന്ന ഇന്നത്തെ ഗവണ്മെന്റു് ആ തത്വം സ്വീകരിക്കാതിരിക്കുന്നതെന്തുകൊണ്ടു് എന്നാണു ഞാൻ ചോദിക്കുന്നതു്.

ശ്രീ. കെ. എം. ജോർജ്ജു് : പണ്ഡിറ്റു് നെഹറുവിന്റെ കരങ്ങൾക്കു ശക്തി കൂട്ടണമെന്നുള്ള അഭിപ്രായമതിക്കു് ദിവാകര സംഭവം കഴിഞ്ഞപ്പോൾ മാറ്റം വന്നു എന്നറിയാമോ ?

ശ്രീ. എം. നാരായണക്കുറുപ്പ് : പണ്ഡിറ്റു് നെഹറുവിന്റെ അഭിപ്രായങ്ങളെ പ്രസംഗത്തിൽ സ്വാഗതം ചെയ്യുകയും അതു നടപ്പിൽ വരുത്തുമ്പോൾ അതിനെ കൂശിക്കുകയും ചെയ്യുന്ന അഖിലേന്ത്യാ കമ്മ്യൂണിസ്റ്റു പാർട്ടിയുടേതിനേക്കാൾ കഷ്ടം വ്യത്യസ്തമല്ല കേരളത്തിലെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നിലപാടു് എന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ : സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാണു ചെയ്യുന്നതു്. കോവാപ്പറേറീവു് അടിസ്ഥാനത്തിലുള്ള സംഘങ്ങൾക്കു് ആവശ്യമുള്ള നിയമാവലിയുണ്ടാക്കുന്നതിനു അധികാരമുണ്ടു്. ഈ അധികാരം ഉപയോഗിച്ചു് ഓരോ സൊസൈറ്റിക്കും ആവശ്യമായ വിധത്തിൽ പ്രത്യേകം ബൈലാ ഉണ്ടാക്കുന്നതിനും ഇന്നയിന്ന തരത്തിലുള്ള ആളുകൾക്കേ അതിൽ പ്രവേശിക്കുവാൻ പാടുള്ളൂവെന്നും നിയമമുണ്ടാക്കാം. ആ സ്ഥിതിക്കു് ഇന്നത്തെ നിലയ്ക്കു ഭൂമിയില്ലാത്ത ആളുകൾക്കേ അതിൽ ചേരുവാൻ സാധിക്കുകയുള്ളൂ. അങ്ങനെയുള്ള ആളുകൾ ചേരുന്ന സൊസൈറ്റിക്കു ഈ ഭൂമികൾ കൊടുക്കണമെന്നാണു എന്റെ അഭിപ്രായം. ആദ്യം പഞ്ചായത്തുകൾക്കു് മിച്ചഭൂമി കൊടുക്കണമെന്നു ഞാൻ നേരത്തെ പറയുകയുണ്ടായി. നിയമം ഉണ്ടാക്കുന്ന അവസരത്തിൽ ആരെല്ലാമാണു കർഷകത്തൊഴിലാളികൾ എന്നറിയുന്നതിനും അവരെ ചേർത്തു് ആദ്യം സൊസൈറ്റികളുണ്ടാക്കുന്നതിനും സാധ്യമല്ലാതെ വരുന്നതുകൊണ്ടുമാണു് ആദ്യം പഞ്ചായത്തിനെ ഏല്പിക്കണമെന്നും, പിന്നീടു സൊസൈറ്റികൾ രൂപീകരിക്കണമെന്നും ഞാൻ പറ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിട്ടുള്ളതു്. അതിനെ ഇവിടെയുള്ള എന്റെ സ്നേഹിതന്മാർ, എതിർക്കുന്നതിൽ എനിക്കു അശേഷം അതിശയമില്ല. അവർ എതിർക്കാതിരുന്നാലാണു് എനിക്കു അതിശയമുണ്ടാകുന്നതു്. അവർ എന്തുദ്ദേശത്തോടുകൂടിയാണു് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്നു് ആലോചിക്കാത്തവർക്കാണു് അതിശയമുണ്ടാകുന്നതു്. ഇന്നു സ്വന്തമായി കൃഷി ചെയ്യുവാൻ സ്ഥലമില്ലാത്ത ആളുകൾക്കു ഭൂമിയുണ്ടാക്കിക്കൊടുക്കണമെന്നും, അങ്ങനെയുള്ളവർക്കു കൃഷി ചെയ്യുവാൻ സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്നുമാണു് ഗവണ്മെൻറിന്റെ ഉദ്ദേശമെങ്കിൽ ഇതല്ലായിരുന്നു സ്വീകരിക്കേണ്ട നടപടി. ഇന്നത്തെ ഗവണ്മെൻറിന്റെ ആദ്യത്തെ ഉദ്ദേശം ഭൂമിയുള്ള കുറെ ആളുകളെ ഉപദ്രവിക്കുകയും, തങ്ങളുടെ ചില ആളുകൾക്കു് ഗുണം ഉണ്ടാക്കി കൊടുക്കുകയും വേണമെന്നുള്ളതാണു്. കൃഷി ചെയ്യുവാൻ ഭൂമിയില്ലാത്ത ആളുകൾക്കു് ഭൂമി കൊടുക്കുവാൻ അവർക്കു ഉദ്ദേശമില്ല. വ്യക്തികൾക്കു ഭൂമി കൊടുത്താൽ മാത്രമേ അവർക്കിഷ്ടമുള്ള ആളുകൾക്കു് ഭൂമികൊടുക്കുവാൻ സാധിക്കുകയുള്ളു. പഞ്ചായത്തുകളെ ഏല്പിക്കുകയാണെങ്കിൽ അവർക്കിഷ്ടംപോലെ ചെയ്യുവാൻ സാധ്യമല്ല. സീലിംഗ് ഏതിയാ എത്ര വച്ചാലും ഈ നാട്ടിൽ കൃഷികൊണ്ടു ജീവിക്കുന്ന ആളുകൾക്കു് കൊടുക്കുവാൻ തക്ക വിധത്തിൽ ഭൂമി കിട്ടുകയില്ല. കുറെ ഭൂമി കിട്ടും. ആ ഭൂമി എല്ലാവർക്കും കൊടുക്കുവാൻ സാധിക്കുകയുമില്ല. കുറെ ആളുകൾക്കു ഭൂമി കൊടുക്കണമെന്നു ഗവണ്മെൻറിനു ഉദ്ദേശമുണ്ടു്. തങ്ങളുടെ നന്മക്കൊണ്ടു് കുറെ ആളുകൾക്കു് ഭൂമി കിട്ടി എന്നു വരുത്തി തീർക്കുകയാണു ഗവണ്മെൻറിന്റെ ഉദ്ദേശം. അതല്ലാ നാട്ടിലുള്ള എല്ലാവർക്കും, കർഷകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള എല്ലാവർക്കും ഭൂമി കൊടുക്കണമെന്നാണു ഗവണ്മെൻറിന്റെ ഉദ്ദേശമെങ്കിൽ അതിനു മതിയായ ഭൂമി ഇന്നു റിസർവ്വ് ഫോറസ്റ്റിൽ ഉണ്ടു്. ഇന്നുള്ള റിസർവ്വ് ഫോറസ്റ്റിൽനിന്നു് കാൽഭാഗം ഒഴിവാക്കുകയാണെങ്കിൽ, ഇങ്ങനെയുള്ളവർക്കു് കൊടുക്കുവാൻ ആവശ്യമായ ഭൂമി ലഭിക്കും. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ എല്ലാവർക്കും ഭൂമികൊടുക്കുന്നതിന്റെ ആദ്യത്തെ നാഴിക കല്ലായിട്ടു ഇതിനെ കണക്കാക്കണമെന്നു പറഞ്ഞു. ആദ്യത്തെ നാഴിക കല്ലായിട്ടു ഇതിനെ കണക്കാക്കുന്ന ഒരാളാണു ഞാൻ. ഭൂമി സഹകരണസംഘത്തിനു കൊടുക്കണമെന്നും, സഹകരണസംഘത്തിലുള്ള ആളുകൾ സഹകരണതത്വമനുസരിച്ചു ജീവിക്കുന്ന ആളുകളായിരിക്കണമെന്നുമാണു് എന്റെ ഉദ്ദേശം. ആ ഭാഗത്തിരിക്കുന്ന ആളുകൾ സഹകരണസംഘത്തിനു കൊടുക്കുന്നതിനു് എതിരാണെന്നാണു പറയുന്നതു്.

ശ്രീ. കെ. പി. ആർ. ഗോപാലൻ : ഈ ഭാഗത്തുള്ള ആളുകൾ എതിരാണെന്നു പറഞ്ഞു. ആ ഭാഗത്തുള്ള ആളുകൾ എന്തു സൊസൈറ്റികൾ ഉണ്ടാക്കിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പൊന്നറ ജി. ശ്രീധർ : ഞാൻ ഉണ്ടാക്കിയതു് എന്തുകൊണ്ടാണെന്നാണോ ചോദിക്കുന്നതു് ? ഞാൻ സഹകരണരംഗത്തിൽ കാര്യമായവിധത്തിൽ ഒന്നും ചെയ്തിട്ടില്ല.

ശ്രീ. കെ. പി. ആർ. ഗോപാലൻ : പി. എസ്സ്. പി. പാർട്ടി വല്ല സംഘവും ഉണ്ടാക്കിട്ടുണ്ടോ ?

ശ്രീ. പൊന്നറ ജി. ശ്രീധർ : പി. എസ്സ്. പി. പാർട്ടി ഉണ്ടാക്കിട്ടുണ്ടു്. ഞാൻ ഉണ്ടാക്കിട്ടില്ല.

ശ്രീ. കെ. പി ആർ ഗോപാലൻ : അതുകൊണ്ടു് ഭൂമിവിതരണം ചെയ്യുമ്പോൾ എല്ലാ രാഷ്ട്രീയപാർട്ടികളും, ഉദ്യോഗസ്ഥന്മാരും ചേർന്നു വിതരണം ചെയ്താൽപോരേ ? തങ്ങൾ ഉണ്ടാക്കിട്ടുള്ള പഞ്ചായത്തുകൾക്കു കൊടുക്കണമെന്നു പറയുന്നതിന്റെ ഉദ്ദേശം ഇഷ്ടമുള്ളവർക്കു കൊടുക്കുവാൻ വേണ്ടിയല്ലേ ?

ശ്രീ. പൊന്നറ. ജി. ശ്രീധർ : ഈ രാജ്യത്തെ പ്രതിപക്ഷം ആളുകളും കോൺഗ്രസ്സുപാർട്ടിക്കാണു് വോട്ടുചെയ്തിട്ടുള്ളതു്. ആ നിലയ്ക്കു കോൺഗ്രസ്സു പാർട്ടിയുടെ നിലക്കെതിരായി കമ്മ്യൂണിസ്റ്റുപാർട്ടിയിൽ നിന്നു ഇങ്ങനെ തുടങ്ങിവിട്ടു കൊണ്ടുവരുന്നതിലാണു് എനിക്കു കൂടുതൽ എതിർപ്പുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സുപാർട്ടിയുടെ നാഗപ്പൂർ പ്രമേയത്തെ കമ്മ്യൂണിസ്റ്റുപാർട്ടി ഇന്നു അനുകൂലിച്ചിരിക്കുകയാണു്. ഇന്നു പണ്ഡിറ്റു നെഹ്രുവിനെ പ്പോലെയുള്ള ആളുകൾപോലും കമ്മ്യൂണിസ്റ്റുപാർട്ടി പറയുന്നതു വിശ്വസിക്കുന്നവരാണെന്നാണു് എന്റെ വിശ്വാസം.

മിച്ചഭൂമി വരുന്നതു് ആദ്യം പഞ്ചായത്തുകൾക്കു കൊടുക്കണം. പിന്നീടു് പഞ്ചായത്തു തൃപ്തികരമല്ലെന്നു കോവാപ്പറേറ്റീവ് സൊസൈറ്റികൾക്കു കൊടുക്കണം. ഇതുകൊണ്ടു് ക്ലേശം പരിഹരിക്കുമെന്നു എനിക്കു വിശ്വാസമില്ല. ഇതുകൊണ്ടു് ഇവിടെയുള്ള വിളവു വർദ്ധിപ്പിക്കുമെന്നും എനിക്കു വിശ്വാസമില്ല. കോവാപ്പറേറ്റീവു് സൊസൈറ്റികളെ ഏൽപിച്ചതുകൊണ്ടു് അഞ്ചുശതമാനംപോലും വിളവു വർദ്ധിക്കുമെന്നു എനിക്കു വിശ്വാസമില്ല. നേരത്തറിഞ്ഞു ഇന്നു ഭൂമിയില്ലാത്തവർക്കു് മിച്ചഭൂമി കൊടുക്കുകയാണെങ്കിൽ ഉണ്ടാകുന്ന അനുഭവം എന്താണെന്നു ഇതിനകം ഇവിടെ ചൊല്ലിയുപ്പെട്ടിട്ടുള്ളതാണു്. സാജന്യമായിട്ടു തിരുവിതാംകൂറിൽമാത്രം ഏതാണ്ടു 3 ലക്ഷത്തിൽ പ്പരിചയാനം ഏക്കർ ഭൂമി ഭൂമിയില്ലാത്തവർക്കു കൊടുത്തു. ഓരോ അധ്യകൃതനും 5 ഏക്കർ ഭൂമിവീതം രാജ്യവാഴ്ച ഉണ്ടായിരുന്ന കാലത്തു് ഇവിടെ കൊടുത്തിരുന്നു. ഇന്നു അതു ഭൂമിയെല്ലാം അവരുടെ പക്കലില്ല. കോൺഗ്രസ്സുകാർ ഭരിച്ചിരുന്നകാലത്തും പലർക്കും ഭൂമി സൗജന്യമായി കൊടുത്തു. ഇന്നു അതു ഭൂമിയെല്ലാം എവിടെപ്പോയി എന്നു ഞാൻ ചോദിക്കുകയാണു്. പണക്കാരായിട്ടുള്ള ആളുകൾ കുറെ പാവങ്ങളുടെ പ്പേരും ശേഖരിച്ചു ഭൂമി പതിച്ചു കൊടുക്കണമെന്നുപറഞ്ഞു അപേക്ഷകളയച്ചു. അങ്ങനെ പതിച്ചുകൊടുത്ത ഭൂമികളൊന്നും ഇന്നു പാവപ്പെട്ടവന്റെ കയ്യിലില്ല. ഇന്നു അതെല്ലാം പണക്കാരുടെ കൈവശമായിരിക്കുകയാണു്. ഇന്നു പല കോവാപ്പറേറ്റീവു് സൊസൈറ്റികളും ശരിക്കു നടക്കുന്നില്ല. ഒരു വശം കോവാപ്പറേറ്റീവു് സൊസൈറ്റിയുണ്ടു്. കോവാപ്പറേറ്റീവു് സൊസൈറ്റിയായി കഴിഞ്ഞാലും അവർക്കു് സ്വന്തമായി ഭൂമി വച്ചുകൊണ്ടിരിക്കുവാൻ സാധിക്കുന്നില്ല ഇന്നത്തെ സൊസൈറ്റികളെല്ലാംതന്നെ സൊസൈറ്റിയുടെ പേരിൽ വസ്തുവാങ്ങിക്കുകയും, പിന്നീടതു വിറ്റുപോകുകയുമാണു ചെയ്യുന്നതു്. നെടുമങ്ങാട്ടുള്ള ഒരു കോവാപ്പറേറ്റീവു് സൊസൈറ്റിയിൽ അങ്ങനെയുള്ള അനുഭവം ഉണ്ടായിട്ടുണ്ടു്. നടുക്കുള്ള വീക്ക്നസ് അവർക്കും ഉണ്ടു്. അതുകൊണ്ടു് കർശനമായ ഭൂനിയമം വച്ചു സൊസൈറ്റിക്കു കൊടുത്തിട്ടു തലപ്പത്തിരിക്കുന്ന ആളുകളും അതനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ അതു ശരിക്കു നടക്കും. ഭൂമിയുള്ളെങ്കിലും സൊസൈറ്റികളെ ഏൽപിച്ചു കൃഷിനടത്തുകയാണെങ്കിൽ സക്കാർവകയായിട്ടു എന്നും അതു കിടക്കും. അല്ലാതെ ഓരോ വ്യക്തികളെയും ഏല്പിക്കുകയാണെങ്കിൽ ഭൂമിയെല്ലാം വിറ്റു കാപ്പിയും കുടിച്ചു ഇങ്ങിപോരുകയും വീട്ടിലിരുന്നു നടക്കുകയും ഇന്നു കാണുന്ന അനുഭവം അതാണു്. ഓരോരുത്തർക്കായിട്ടു ഇവിടെ അനുവദിച്ചുകൊടുത്ത ഭൂമികളെല്ലാം അവർ പലർക്കായി വിറ്റു ഇന്നു ഇങ്ങിപോരുകയും വീട്ടിലിരുന്നു നടക്കുകയാണു്. ഇതു തന്നെയായിരിക്കും മേലിലും ഉണ്ടാകാൻ പോകുന്ന അനുഭവം. ഇതൊക്കെയാണെങ്കിലും പൊതുവിലുള്ള ഒരു സംഗതിയുണ്ടു്. കൃഷിക്കാരനാണെങ്കിലേ ഭൂമി കിട്ടിയില്ലാ എന്ന സങ്കടം ഉണ്ടാകുകയുള്ളു. ഒരു ഫാക്ടറി ജോലിക്കാരനാണെങ്കിൽ അയാൾക്കു ഭൂമി കിട്ടിയില്ലെങ്കിൽ സങ്കടമുണ്ടാകുകയില്ല. അതുകൊണ്ടു് ഭൂമി യഥാർത്ഥ കൃഷിക്കാരനു കൊടുക്കണമെന്നാണു ഞാൻ പറയുന്നതു്. ഇന്നത്തെ നിയമം ഇരിക്കുന്നിടത്തോളം കാലം വസ്തുവിൽക്കുന്നതിൽ യാതൊരു അപാകതയും ഇല്ല. വസ്തുവിൽക്കുവാൻ പാടില്ലാ എന്നു പറഞ്ഞു നിയമമുണ്ടു്. കോൺഗ്രസ്സു് പാർട്ടിയാണെങ്കിൽ അവരുടെ പാർട്ടിതത്വമനുസരിച്ചുകൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണിതു്. ഒരു സോഷ്യലിസ്റ്റു വ്യവസ്ഥിതിസ്ഥാപിക്കണമെന്നുള്ളതാണു ഞങ്ങളുടെ പാർട്ടിയുടെ ഉദ്ദേശ്യം. അതിനു വേണ്ടി ഉണ്ടാക്കിയിരിക്കുന്ന ഒരു പാർട്ടിയിലെ ഏറ്റവും എഴുതിയ പ്രവർത്തകൻ എന്നുള്ള നിലയിൽ എന്റെ അഭിപ്രായം ഈ വിധത്തിലുള്ള സഹകരണ സംഘങ്ങൾ ഉണ്ടാക്കണമെന്നു അവശ്യമാണെന്നും, യഥാർത്ഥത്തിൽ ഭൂമിയിൽ വേല.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകയാണ്. ഈ അമെൻഡുമെൻറിനെ എല്ലാവരും അനുകൂലിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സർ, ഒന്നോ രണ്ടോ വിവരങ്ങൾമാത്രം പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഈ ബിൽ ഏറ്റവും വേഗം പാസ്സാക്കണമെന്നുള്ള ആഗ്രഹംകൊണ്ടാണ് ഇവിടെ എന്തു പറഞ്ഞാലും അതെല്ലാം കേട്ടുകൊണ്ട് ഞങ്ങൾ ഇവിടെ മിണ്ടാതിരിക്കുന്നത്. പക്ഷേ ചിലതു പറയാതെ നിവൃത്തിയില്ല. ഈ ഭേദഗതിയുടെ ഉദ്ദേശ്യശുദ്ധിയെപ്പറ്റിയാണ് ഞാൻ ചോദ്യം ചെയ്യുകയാണ്. മി. മന്ത്രി ഉദ്ദേശിച്ചിരിക്കുന്നതു മിച്ചഭൂമി സൊസൈറ്റികൾക്കു വിട്ടുകൊടുക്കണമെന്നാണ്. ഏതുതരത്തിലുള്ള സൊസൈറ്റികൾക്കാണ് വിട്ടുകൊടുക്കേണ്ടതു് എന്നു് പ്രത്യേകമൊന്നും പറഞ്ഞിട്ടില്ല. നാഗപ്പൂർ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ കോവാപ്പറേറീവ് ഫാമിംഗ് നടപ്പിലാക്കുവാൻ ഒരു മുൻതൂക്കം എന്നുള്ള നിലയിൽ സൊസൈറ്റികൾക്കു കൊടുക്കണമെന്നു് അദ്ദേഹം പറഞ്ഞിരിക്കുന്നതു വളരെ നല്ലതു്. നല്ല ഒരു ആശയഗതിയാണ്. ഈ കോവാപ്പറേറീവു ഫാമിംഗിനെ മുഴുവൻ
11. a. m. ഞങ്ങൾ എതിർക്കുന്നു എന്നുള്ള രീതിയിലാണ് അതു അവതരിപ്പിക്കുന്നതു്. എന്നാൽ മായിൻറ ഫാമിംഗിനെതന്നെ യുക്തമനസ്കം അനുകൂലിക്കുന്നവരാണ് ഞങ്ങൾ. അതേ അവസരത്തിൽ അപ്രായോഗികമായ കാര്യങ്ങൾ പറഞ്ഞു നിന്നും നടക്കാത്ത രീതിയിൽ അത്തരം സംസ്ഥാപിക്കാൻ പാടില്ലാ എന്നു ഞാൻ വളരെ വിനയത്തോടുകൂടി പറയുകയാണ്. ഒരു പഞ്ചായത്തു് അതിർത്തിയിൽ നാലോ അഞ്ചോ വ്യക്തികൾക്കു് മിച്ചഭൂമി വരുമെന്നു് വയ്ക്കുക. അതു് പത്തും, പതിനഞ്ചും, ഇരുപതും ഏക്കർ അകലെയാണ് ഉണ്ടാകാൻ സാദ്ധ്യതയുള്ളതു്.

ശ്രീ. പി. ടി. ചാക്കോ: ഒരു പഞ്ചായത്തു അതിർത്തിയിൽ ഇരുപതു മൈൽ അകലെയുമുണ്ടാകാം എന്നാണോ പറയുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇരുപതു മൈലല്ല അതിൽ കൂടുതലും വരും. ചില്ലറ സ്ഥലങ്ങളിൽ പത്തനംതിട്ട മുതലായ താലൂക്കുകളിൽ പത്തു മുതൽ നാൽപ്പതു മൈൽവരെ അകലമുള്ള പഞ്ചായത്തുകളുണ്ട്. അതു വേണ്ടാ അഞ്ചു മൈൽ അകലമേ ഉള്ളൂ എന്നു വയ്ക്കുക. അതിനുള്ളിൽത്തന്നെ അഞ്ചു മിച്ചഭൂമിയായി രണ്ടോ മൂന്നോ ഏക്കർ വരികയാണെങ്കിൽ അവയെ എങ്ങനെ ഒരു സൊസൈറ്റിയുടെ കീഴിൽ കൊണ്ടുവരാൻ സാധിക്കും. അതേ സമയം ഒരു പിടി മണ്ണുപോലും സ്വന്തമായിട്ടില്ലാത്ത കർഷകർക്ക് അതുകൊണ്ട് എന്തു പ്രയോജനമാണുണ്ടാകാൻ പോകുന്നതു്. അതുകൊണ്ട് സ്വന്തമായിട്ടു് ഒരു പിടിമണ്ണുപോലുമില്ലാത്ത പാവപ്പെട്ട കർഷകർക്ക് ആദ്യമായിട്ടു അവരുടെ പേരിൽ പട്ടയം കൊടുക്കുക. അങ്ങിനെ പട്ടയം കിട്ടുന്നവരേയും, പരിധിവരെ ഭൂമിയുള്ളവരേയും, ഇടത്തരക്കാരേയും എല്ലാം ചേർത്തുകൊണ്ടു് ഓരോ പഞ്ചായത്തിലും മായിൻറ ഫാമിംഗ് നടപ്പിലാക്കാം. സ്വിസ് കോവാപ്പറേറീവുകൾക്കാണ് സാധ്യതയെങ്കിൽ അങ്ങിനെ. അതല്ലേ ശരി. അങ്ങിനെ പറയുമ്പോൾ ആ ഭാഗത്തിരിക്കുന്ന എൻറെ സ്നേഹിതന്മാർ പറയുന്നതു് ഈ രണ്ടും മൂന്നും ഏക്കർ മിച്ചഭൂമിയുള്ളതുമായ പഞ്ചായത്തുകളെ എൽപ്പിച്ചുകൊടുക്കണമെന്നാണ്. ഭൂമിക്കത്തിൽ മണ്ണില്ലാത്തവനു് ഒരു പിടി മണ്ണുകിട്ടുന്നതു്.

ശ്രീ. പി. ടി. ചാക്കോ : നിങ്ങൾ ഉദ്ദേശിച്ച മാതിരി ഭൂമി കൊടുത്തു കഴിഞ്ഞിട്ടു് അവരെ പിന്നീടു മായിൻറ ഫാമിലേക്കു കൊണ്ടുവരുന്നതിനു് ഈ ഡഫനിഷനാണോ അവശ്യമായിട്ടുള്ളതു്.

ശ്രീ. തോപ്പിൽ. ഭാസ്കരൻപിള്ള : ഈ ഡഫനിഷനിൽ ഇതു വരുന്നതുകൊണ്ടു് മറ്റൊരു തിനൊരു കുഴപ്പവുമില്ല. പക്ഷേ ഇങ്ങനെ ഒരു ഡഫനിഷൻ വേണമെന്നു പറയുന്നതിൻറെ ഉദ്ദേശം അതിനു് എതിരാണ്, അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. തോപ്പിൽ മോസ്റ്റുരൻപിള്ള]

പട്ടയം കൊടുത്തു പോയാൽപിന്നെ അവിടെ സൊസൈറ്റി വരികയില്ല എന്നു പറയുന്നതു് തെറ്റാണെന്നാണു് ഞാൻ പറയുന്നതു്. ഞങ്ങൾ ജോയിന്റ് ഫാമിംഗിനേതന്നെ അനുകൂലിക്കുന്നു. ഈ ബില്ലിൽ മറ്റൊരു ഭേദഗതി എന്റെ സ്നേഹിതന്മാരായ കോൺഗ്രസ്സു പാർട്ടിയിൽപ്പെട്ട ഭൂരിപക്ഷം അംഗങ്ങളും ഭേദഗതികൂടി കൊടുത്തിട്ടുണ്ടു്. ഒരുതായ്ക്കു ഒരു കൊല്ലക്കാലം ജന്മിക്കു് ഭൂമി വിൽക്കുന്നതിനുള്ള അവകാശം കൊടുക്കണമെന്നാണു്. അതു കൊണ്ടു് നിങ്ങളുടെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നു.

ശ്രീ. പി. ടി. ചാക്കോ : മിച്ചഭൂമി സഹകരണ അടിസ്ഥാനത്തിലുള്ള കൃഷിക്കു് വിട്ടുകൊടുക്കാൻ ഭരിക്കുന്ന കക്ഷി തയ്യാറായാൽ മറ്റു ഭേദഗതികൾ വരികയില്ലായെന്നു എനിക്കു് പറയാൻ കഴിയും.

ശ്രീ. തോപ്പിൽ മോസ്റ്റുരൻപിള്ള : മിച്ചഭൂമി കോവാപ്പറേറീവ് സൊസൈറ്റികൾക്കു കൊടുക്കാവുന്ന സ്ഥലത്തു് അങ്ങനെതന്നെ കൊടുക്കണമെന്നു തന്നെയാണു് ഞങ്ങളുടെ അഭിപ്രായം. എന്റെ സ്നേഹിതൻ ചന്ദ്രശേഖരൻ നായർ കായൽ നിലങ്ങൾ പരിധിക്കകത്തിൽ വരുന്നു് കുട്ടുകൃഷിഅടിസ്ഥാനത്തിൽ കർഷകർക്കു കൊടുക്കണമെന്നു ഒരു ഭേദഗതി കൊടുത്തിട്ടുണ്ടു്. നിങ്ങൾ പറയുന്നതു് അരയ്ക്കർ, ഒരേക്കർ ഭൂമി മിച്ചം വരുന്നവർ കർഷകർക്കു് കൊടുക്കരുതെന്നാണു്. എങ്ങിനെയായാലും ഒരു പിടി മണ്ണുപോലുമില്ലാത്ത ഈ പാവപ്പെട്ട കർഷകർക്കു് ഒരു സെന്റു ഭൂമി പോലും കൊടുക്കരുതു്, അവനു് ഒരു ശവം കുഴിച്ചിടുന്നതിനുള്ള സ്ഥലംപോലും സ്വന്തമായി വിട്ടുകൊടുക്കരുതെന്നുള്ള മനസ്ഥിതിയാണതുകാണിക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ : ഭൂമിയില്ലാത്തവനു ഭൂമി ലഭിക്കുന്നതിനും അവനു കൃഷി ചെയ്യുന്നതിനു സന്തോഷവും സമാധാനവും ഉണ്ടാകുന്നതിനുവേണ്ടിയുമാണു് സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനു് പഞ്ചായത്തിനെ ഏൽപ്പിക്കണമെന്നു പറഞ്ഞിട്ടുള്ളതു് എന്നറിയാമോ? അതല്ലെങ്കിൽ അവനു് ഒരു കൈവശം കിട്ടുകയില്ല.

ശ്രീ. തോപ്പിൽ മോസ്റ്റുരൻപിള്ള : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പോലും ഇങ്ങനെ പറയുന്നതു ഖേദകരമാണു്. ഇവിടെ എന്റെ മാന്യ സ്നേഹിതൻ ശ്രീമാൻ ശ്രീധരൻ ഇതു പറയുകയുണ്ടായി. "ഇന്ന കുടിയാന്മാരുടെ കയ്യിൽ ഭൂമി കൊടുത്താൽ അവൻ വിറ്റു നശിപ്പിച്ചുകളയും" എന്നു്. ഈ വാദം പണ്ടു മുതലാളിമാരും പറഞ്ഞിരുന്നു. "ഞാൻ ഒന്നോ രണ്ടോ രൂപയും കൊടുത്താലും, അതല്ല അഞ്ചു രൂപാ കൊടുത്താലും അവൻ ചെലവഴിച്ചുകളയും തെണ്ടികൾ" എന്നു്. ആ ഒരു വാദത്തെ അനുകൂലിച്ചു് തൊഴിലാളികളുടേയും കർഷകരുടേയും കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവെങ്കിലും സംസാരിക്കുകയില്ലെന്നു ഞാൻ ആശിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ : ഞാൻ അതിനെ ന്യായീകരിച്ചുപറഞ്ഞില്ല. ഈ നാട്ടിലെ നമ്മുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ സഹകരണാടിസ്ഥാനത്തിൽ കൊടുത്താൽ നന്നായിരിക്കുമെന്നു മാത്രമേ പറഞ്ഞുള്ളൂ.

ശ്രീ. തോപ്പിൽ മോസ്റ്റുരൻപിള്ള : സഹകരണാടിസ്ഥാനത്തിൽ കൊടുക്കുന്നതിനേക്കാൾ, ഒരു പിടി മണ്ണുപോലും സ്വന്തമായിട്ടില്ലാത്ത പാവപ്പെട്ട കർഷകനു മിച്ചഭൂമി കൊടുക്കുന്നതു നാം അനുകൂലിച്ചിട്ടു്, അതിന്റെ പട്ടയം അവന്റെ പേരിൽ കിട്ടിയതിനുശേഷം, സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതല്ലേ നല്ലതു്? 15 ഏക്കർവരെ കൈവശം ഇരിക്കുന്ന ഇടത്തരം കർഷകരേയും, മിച്ചഭൂമി ലഭിക്കുന്ന പാവപ്പെട്ടകർഷകനേയും എല്ലാം ചേർത്തുള്ള ഒരു സഹകരണസംഘം വരുന്നതല്ലേ നല്ലതു്. അതിനു്, അവിടത്തെ പരിതസ്ഥിതിക്കനുസരിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സൊസൈറ്റികൾ വർദ്ധിച്ചതല്ലേ നമ്മുടെ രാജ്യത്തിന് നല്ലത്". അതല്ല അവരുടെ കൈയ്യിലേക്ക് ഭൂമി കൊടുക്കരുത്", നശിപ്പിച്ചുകളയും എന്നെല്ലാ മുള്ള വാദം ഈ കാലഘട്ടത്തിലെങ്കിലും ഉന്നയിക്കരുതെന്നു ഞാൻ അപേക്ഷിക്കുകയാണ്".

ശ്രീ. സി. എ. മാത്യു : ഈ പട്ടയം ജോയിൻറ് ഫാമിംഗ് സൊസൈറ്റിയുടെ പേരിൽ ഇരിക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നതിൽ വല്ല വിരോധവുമുണ്ടോ ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇപ്പോൾ എന്റെ സ്നേഹിതൻ മി. മാത്യു പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. ഇപ്പോൾ അവർക്ക് പട്ടയം കൊടുക്കുക. അതായതു പ്രദേശത്തുള്ളതു അതായതു പഞ്ചായത്തിൽപ്പെട്ട ഭൂമിയില്ലാത്തവർക്ക് പട്ടയം കൊടുക്കുക.

ശ്രീ. പി. ടി. ചാക്കോ : കർഷകർക്ക് പട്ടയം കിട്ടണമെന്നാണോ, ഭൂമി കിട്ടണമെന്നാണോ ? അങ്ങനെയാണെങ്കിൽ പട്ടയം കിട്ടുന്ന ഭൂമിമാത്രം എടുത്തു പട്ടയം കിട്ടിയിട്ടുള്ള ഉടമകളെമാത്രം ചേർത്തു കൃഷി ചെയ്യിക്കണം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അപ്പോൾ, അതു ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്ന ഏതെങ്കിലും പറയരുതു".. ഇപ്പോൾതന്നെ അടുത്ത ഒരു കൊല്ലത്തേക്കു ഭൂഉടമകൾക്കു മിച്ചഭൂമി വിൽക്കാൻ അവസരം കൊടുക്കണമെന്നു പറഞ്ഞു. അതോടുകൂടിത്തന്നെ ഇതും പറഞ്ഞാൽ കൊള്ളാം. ബഹുമാനപ്പെട്ട കാൺഗ്രസ്സ് പാർട്ടിനേതാവു നിയമത്തിന്റെ പേരിൽ ഇപ്പോൾ എടുത്തുകൊടുക്കാൻ പോകുന്ന ഭൂമിതന്നെ അവരുടെ കയ്യിൽ കൊടുക്കരുതെന്നാണു പറയുന്നതു". ഈ രണ്ടു ഭേദഗതികളും കൂടി നോക്കുന്നപക്ഷം ഞാൻ പറയുന്നതിൽ വലിയ അത്ഭുതമൊന്നുമില്ല. നിങ്ങൾ ഭൂമി ക്കുവേണ്ടിയേ വാദിക്കൂ. പണ്ഡിറ്റ് നെഹ്റുവിനു വേണ്ടി വാദിക്കുന്നവരാണു ഞങ്ങളെന്നും മറ്റും പറഞ്ഞുകേട്ടു. തെറ്റിദ്ധാരണയൊന്നുംവേണ്ട. പണ്ഡിറ്റ് നെഹ്റുവിന്റെ അഭിപ്രായങ്ങൾക്കെല്ലാം കൈപൊക്കിക്കൊടുക്കാമെന്നു ഞങ്ങളും ആരും അച്ചാരം വാങ്ങിയിട്ടില്ല. സഹകരണാശയം അദ്ദേഹം പറയുന്നതിനോടു ഞങ്ങൾ തുടർശതമാനം യോജിക്കുന്നു. അതുകൊണ്ടു അദ്ദേഹം പറയുന്ന എല്ലാത്തിനോടും യോജിപ്പില്ല. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ആ ഭേദഗതി യഥാർത്ഥത്തിൽ കർഷകരോടുള്ള ഒരു വെല്ലുവിളിയാണു". അവരോടു ഒരു വൈരാഗ്യമനോഭാവം കാണിക്കുന്നതുപോലെ തോന്നുന്നു. അതുകൊണ്ടു ശ്രീമാൻ. സി. എ. മാത്യു ഈ ഭേദഗതി പിൻവലിക്കണം.

ശ്രീ. കെ. കെ. വിശ്വനാഥൻ : പട്ടയം കൊടുക്കണം എന്നു നിർബന്ധം പിടിക്കുകയാണെങ്കിൽ—ഒരു സംശയം ചോദിക്കുകയാണു", കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ കർഷകർക്ക് പട്ടയം അവരുടെ പേരിൽ കൊടുത്തിട്ടുണ്ടോ ? ആ ഒരു നയം നിർബ്ബന്ധമായി വച്ചിട്ടുണ്ടോ ? ആ ഭൂമി അവിടെന്നായിട്ടു കിടക്കുകയാണു" എന്നാണറിയുന്നു".

മി. സ്പീക്കർ : കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ പട്ടയം കൊടുക്കാറുണ്ടോ?

ശ്രീ തോപ്പിൽ ഭാസ്കരൻപിള്ള : കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ കർഷകരുടെ ഭൂമി ഒന്നായിട്ടു കിടക്കുന്നു എന്നാണറിവു". പട്ടയം കൊടുത്തിട്ടുണ്ടോ എന്നറിവില്ല. ചൈനാ മുതലായ രാജ്യങ്ങളിൽ ആദ്യമായി "സ്വന്തമായിട്ടു" ഭൂമികൊടുത്തിട്ടു പിന്നീടു കൂട്ടുകൃഷി സംപ്രദായത്തിൽ കൊണ്ടുവരികയാണു". ഏതായാലും നാം കർഷകരോടും, ഭൂമിയില്ലാത്തവരോടും കൂടി ഒന്നിച്ചു ചേർന്നു നിന്നുകൊണ്ടു ഈ കാര്യത്തെപ്പറ്റി ആലോചിക്കുന്നതുകൊള്ളാം. ഏതുകാര്യം പറഞ്ഞാലും പൂച്ചയെ എടുത്തെറിയുന്നതുപോലെ ആകരുതു". അതായതു ഒടുക്കംവന്നു ചേരുന്നതു ഭൂമിയുടെ കാര്യത്തിലാണു".

ശ്രീമതി കുസുമം ജോസഫ് : ഞാൻ വിചാരിച്ചിട്ടുള്ള ചില കാര്യങ്ങൾ പറഞ്ഞിട്ടു അവസാനിപ്പിച്ചുകൊള്ളാം. വ്യവസായങ്ങളും ഭൂമിയും എല്ലാം തന്നെ രാഷ്ട്രത്തിന്റെ പൊതുഉടമയിൽ കൊണ്ടുവരണമെന്ന വ്യവസ്ഥയിൽ

[ശ്രീമതി കുസുമം ജോസഫ്]

വിശ്വസിക്കുന്ന അങ്ങേ ഭാഗത്തിരിക്കുന്ന [illegible] ഇങ്ങനെ ഇതു ആവേശത്തോടുകൂടി മിച്ചഭൂമിക്കു ഓരോ പാവപ്പെട്ട കർഷകനും പട്ടയം കൊടുക്കണമെന്നു പറയുന്നതെന്തുകൊണ്ടെന്നു എനിക്കു മനസ്സിലാകുന്നില്ല. ഭൂമി വ്യക്തിക്കു ഇഷ്ടമിച്ചഭൂമി കൊടുത്താൽ മാത്രമേ അതു ഭൂമികൊണ്ടുള്ള ഉപകാരം അവരുണ്ടാകൂ എന്നു നമുക്കു വിശ്വസിക്കാൻ കാരണമില്ല. സഹകരണാടിസ്ഥാനത്തിൽ പാവപ്പെട്ട കർഷകനേയും, ഭൂമിയില്ലാത്ത കൃഷിത്തൊഴിലാളിയേയും സംഘടിപ്പിച്ചു ആ സഹകരണസംഘങ്ങൾക്കു ഭൂമികൊടുത്തു അതിന്റെ അളവു എടുക്കുന്നതിൽ എന്താണു തെറ്റു. ഒരാളുടെ പേരിൽ ഭൂമിയുണ്ടെന്നു പറയുന്നതിന്റെ പ്രധാനമായ അർത്ഥം അയാൾക്കു ഭൂമിയിൽനിന്നുള്ള എല്ലാ ആദായവും എനിക്കു സ്വന്തമായി എടുക്കാൻ കഴിയും എന്നുള്ളതാണു. അങ്ങനെ ഭൂമിയിൽ നിന്നുള്ള ആദായത്തിന്റെ പേരിലാണു ഭൂമിവരണമെന്നു എല്ലാവരും ആശിക്കുന്നതു. കോവാപ്പറേറ്റീവു ഫാമിംഗു സൊസൈറ്റിക്കു ഭൂമി കൊടുത്താൽ അതിൽനിന്നുള്ള ആദായം നിശ്ചയമായും ആ പാവപ്പെട്ട കർഷകനു കിട്ടും എന്നുള്ളതിൽ രണ്ടഭിപ്രായവുമുണ്ടാകുമെന്നു തോന്നുന്നില്ല. അങ്ങനെ വരുമ്പോൾ പാവപ്പെട്ട കർഷകനെ സഹായിക്കണമെന്നുള്ള ഉദ്ദേശമാണു ഇതിന്റെ പിന്നിൽ ഉള്ളതു എങ്കിൽ, സഹകരണസംഘങ്ങൾക്കുതന്നെ ഭൂമി കൊടുക്കാൻ ഭരണകക്ഷിയിലെ അംഗങ്ങളും തയ്യാറാകും എന്നു ഞാൻ വിശ്വസിക്കുകയാണു. വ്യക്തികൾക്കു ഭൂമി കൊടുത്താൽ അവർ വിറ്റു നശിപ്പിച്ചു കളയുകയില്ല എന്നു പറഞ്ഞതിനു പാവപ്പെട്ട കർഷകനെ ആക്ഷേപിച്ചു എന്നു ഇവിടെ പ്രസ്താവിക്കുണ്ടായി. പക്ഷേ, ഞാൻ പറയുകയാണു അതാണു ഇന്നത്തെ അനുഭവം. ഞങ്ങളുടെ ഭാഗത്തു അതായതു വടക്കൻ തിരുവിതാംകൂറിൽ ചില സ്ഥലങ്ങളിലും പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കും കർഷകർക്കും വ്യക്തികളുടെ പേരിൽ ഭൂമി കൊടുത്തിട്ടുണ്ടു. പക്ഷേ, അങ്ങനെ കൊടുക്കുന്നതുകൊണ്ടു, അതായതു വളരെ പ്രതീക്ഷിച്ച കാര്യത്തിൽ അൽപ്പമെങ്കിലും കൊടുത്തിട്ടു പോയിക്കഴിഞ്ഞു. സ്വന്തമായി ഭൂമിയുള്ള സ്ഥലത്തു താമസിക്കാൻ പോലും അവർ തയ്യാറായിട്ടില്ല.

ശ്രീ. കെ. പി. ആർ. ഗോപാലൻ നമ്പ്യാർ: അങ്ങനെയാണെങ്കിൽ, ഭൂമി കിട്ടുന്നു, പണം കംപൾസ്സറിയായി, പി. എസ്സ്. പി. ക്കായും ഭരിച്ചു തന്നാലുള്ളതുപോലെ വിൽക്കുന്നു, കൃഷി ചെയ്യാതെ തരിശാക്കി ഇട്ടിരിക്കുകയും ചെയ്യുന്നുപോലെ പാടില്ല; നല്ലപോലെ കൃഷി നടത്തണം, ആക്കം വിൽക്കാൻ പാടില്ല എന്നു ഈ നിയമത്തിൽ വ്യവസ്ഥ ചെയ്താൽ പോരേ?

ശ്രീമതി കുസുമം ജോസഫ്: വ്യക്തികൾക്കു പട്ടയം കൊടുക്കുമ്പോൾ അവകാശം പൂർണ്ണമായ അവകാശം കൊടുക്കേണ്ടതാണു. അങ്ങനെ വ്യക്തികളുടെ സ്വാതന്ത്ര്യത്തെ തടയുന്നതു ഭരണഘടനയ്ക്കു വിരുദ്ധമാണു, അതുകൊണ്ടു അങ്ങനെ ചെയ്യാൻപാടില്ല. ആ ഭാഗത്തു നിന്നും വന്ന വലിയ ഒരു ആക്ഷേപം, മിച്ചഭൂമി വിൽക്കുന്നതിനു ഒരു കൊല്ലത്തെ അവധി കൊടുക്കണമെന്നു ഒരു ഭേദഗതി പ്രതിപക്ഷത്തുനിന്നും നോട്ടീസു കൊടുത്തിരിക്കുന്നതിനെപ്പറ്റിയാണു. പക്ഷേ, ഞങ്ങളുടെ ബഹുമാന്യനായ നേതാവു, വളരെ വ്യക്തമായി പറഞ്ഞുകഴിഞ്ഞതാണു; മിച്ചഭൂമി പാവപ്പെട്ട കർഷകരുടെ സഹകരണസംഘങ്ങൾക്കു വിതരണം ചെയ്തു കൃഷി നടത്താൻ ഗവണ്മെന്റു തയ്യാറാണെങ്കിൽ അങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കാൻ ഞങ്ങളും തയ്യാറാകുകയില്ലെന്നു. അതിനു ഗവണ്മെന്റു തയ്യാറല്ലെന്നു അ ഭാഗത്തുനിന്നും വന്ന അഭിപ്രായങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു. വ്യക്തികൾക്കു പട്ടയം കൊടുക്കുന്നരീതി സ്വീകരിച്ചാൽ, അനുഭവത്തിൽ മിച്ചഭൂമി വിൽക്കാൻ അനുവദിച്ചാൽ ഉണ്ടാകുന്ന ഫലം തന്നെ ഉണ്ടാകുമെന്നാണു തോന്നുന്നതു. ഞാൻ മുൻപു പറഞ്ഞതുപോലെ, അരയേക്കർ, ഒരേക്കർ ഭൂമി വീതം കിട്ടുന്ന പാവപ്പെട്ട കർഷകർ, എന്തുകിലും അത്യാവശ്യം നേരിടുമ്പോൾ അതു എങ്ങനെയെങ്കിലും വിൽക്കാൻ ശ്രമിക്കും. കയ്യിൽ പണമുള്ളവർ അതു വാങ്ങിക്കും, അതാണു സംഭവിക്കുക. അങ്ങനെയുള്ള അവകാശം

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, എല്ലാവരും സഹകരിച്ചു പ്രവർത്തിക്കുന്ന ഒരു രംഗം സൃഷ്ടിക്കുന്നതിനുവേണ്ടി, സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ തയ്യാറാകുന്ന പാവപ്പെട്ട കർഷകത്തൊഴിലാളികളുടെ സഹകരണസംഘങ്ങൾക്ക് ഭൂമി കൊടുക്കാൻ ഭരണകക്ഷി തയ്യാറാകണമെന്നു ഞാൻ അപേക്ഷിക്കുകയാണു്.

ശ്രീ. ഇ. പി. ഗോപാലൻ: സർ, സഹകരണാടിസ്ഥാനത്തിൽ കൃഷി സംഘടിപ്പിക്കുന്നതിനെ ഞാൻ അനുകൂലിയ്ക്കുന്നു. എന്നാൽ ഇവിടെ നടന്ന വാദം കേട്ടാൽ തോന്നും, ഈ ഭൂമി സംഘത്തിനുമായിട്ടു് പാവപ്പെട്ട കർഷകർക്കു് കൊടുക്കുകയാണെന്നു്. അങ്ങനെയല്ല; പ്രതിഫലം വാങ്ങിയിട്ടാണു ഭൂമി കൊടുക്കുന്നതു്. അങ്ങനെ പ്രതിഫലം വാങ്ങിയിട്ടു് ഭൂമി വിതരണം ചെയ്യുമ്പോൾ വീണ്ടും ഒരു കണ്ടിഷൻ വെയ്ക്കുന്നതു് ശരിയല്ല. പരിധികഴിച്ചുള്ള ഭൂമി വിതരണം ചെയ്യുമ്പോൾ ഏറെക്കുറച്ചിലോടുകൂടിയാണെങ്കിലും അതിനു് വിലകെട്ടുന്നുണ്ടു്. അതിനുശേഷം, ഇന്നയിന്ന രീതിയിൽ അവർ ഭൂമി കൈകാര്യം ചെയ്യണമെന്നുകൂടി വ്യവസ്ഥ ചെയ്യുന്നതു് ശരിയായ നടപടിയല്ല. ഭൂമി വിതരണം ചെയ്തു കഴിഞ്ഞാൽ നിശ്ചയമായിട്ടും അവരെ സഹകരണാടിസ്ഥാനത്തിൽ കൊണ്ടുവരാൻ ഗവണ്മെന്റു് ഊർജ്ജിതമായി പ്രവർത്തിക്കണം. എന്നുവന്നാൽ മാത്രമേ അതുകൊണ്ടു പ്രയോജനമുണ്ടാകുകയുള്ളൂ. സഹകരണാടിസ്ഥാനത്തിലുള്ള കൃഷിയുടെ വിജയത്തിനു് കൃഷിക്കാരുടെ മനഃസ്ഥിതികളുടെ കൂട്ടത്തിൽ അവരുടെ ബോധത്തെയും കണക്കിലെടുക്കേണ്ടതുണ്ടു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, മി. മാത്യു അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്. അതിനെ അനുകൂലിച്ചുകൊണ്ടു് ഈ ഭാഗത്തുനിന്നും ഉന്നയിച്ച എല്ലാ വാദഗതികളോടും യോജിക്കുകയും ചെയ്യുന്നു. അതിനെതിരായി മറുഭാഗത്തുനിന്നും ഉന്നയിച്ച വാദത്തിൽ ഒന്നു്, മി. മാത്യുവിന്റെ ഭേദഗതി സ്വീകരിച്ചാൽ മിച്ചം വരുന്ന ഭൂമി മുഴുവൻ കർഷകത്തൊഴിലാളികൾക്കു് കിട്ടുകയില്ലെന്നാണു്. മിച്ചഭൂമി പഞ്ചായത്തുകളെ ഏൽപ്പിച്ചു സഹകരണസംഘങ്ങൾവഴി കൃഷി ചെയ്താൽ പാവപ്പെട്ട കർഷകർക്കു് അതിന്റെ ഗുണം അനുഭവിക്കാൻ സാധിക്കുകയില്ലെന്നും മറ്റവശ്യത്തുനിന്നും പറയുന്നു. മിച്ചം വരുന്ന ഭൂമി മുഴുവൻ, ഭൂമി കൈവശമില്ലാത്ത കുടുംബങ്ങൾക്കു വിതരണം ചെയ്യാമെന്നു് ഗവണ്മെന്റു് കരുതുന്നുണ്ടോ? ഈ ബില്ലിലെ 69-ാമത്തെ ക്ലാസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്, മിച്ചംവരുന്ന ഭൂമി മുഴുവൻ ഭൂമിയില്ലാത്തവർക്കായി വിതരണം ചെയ്യണമെന്നല്ല. 50 ശതമാനം ഭൂമി മാത്രമേ കർഷകത്തൊഴിലാളികൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ളൂ. അതിൽ പട്ടികജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും 25 ശതമാനം നൽകണമെന്നാണു് വ്യവസ്ഥ. ശേഷിക്കുന്ന 50 ശതമാനം ഭൂമി സ്വാഭാവികമായും ഭൂമിയുള്ളവർക്കുതന്നെയാണു്. ഭൂമി കൈവശമില്ലാത്ത സ്വാഭാവികമായും ഭൂമിയുള്ളവർക്കുതന്നെയാണു്, കൃഷി ചെയ്യാൻ 5 ഏക്കറിൽ താഴെ മാത്രം ഭൂമി കൈവശമുള്ള മറ്റു കുടുംബങ്ങൾക്കും വേണ്ടി മാറ്റിവച്ചിരിക്കുകയാണു്. അപ്പോൾ, മിച്ചംവരുന്ന 50 ശതമാനം ഭൂമിയേ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കു വിതരണം ചെയ്യാനുള്ളൂ. ആ സ്ഥിതിക്കു് മിച്ചഭൂമി മുഴുവൻ കർഷകത്തൊഴിലാളികൾക്കു വിതരണം ചെയ്യുമെന്നുള്ള പറച്ചിൽ പാവപ്പെട്ട കർഷകത്തൊഴിലാളികളെ പറഞ്ഞുപറ്റിക്കാനുള്ള ഒരു കൗശലം മാത്രമായി കരുതിയാൽ മതി.

സർ, ഈ ഭൂമി പഞ്ചായത്തുകളെ ഏല്പിക്കണമെന്നു് പറയുന്നതിനു് കാരണമുണ്ടു്. ഭൂമി മുഴുവൻ ഗവണ്മെന്റിൽ വെസ്റ്റു ചെയ്യണം. തൽക്കാലം അതു പഞ്ചായത്തിനെ ഏൽപ്പിച്ചിട്ടു് സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യാം. നാഷണലൈസു് ചെയ്യുന്നതിന്റെ പ്രാരംഭപരിപാടിയായതുകൊണ്ടു ചെയ്തു അതു ഗവണ്മെന്റിന്റെ സൂക്ഷിപ്പിൽ വയ്ക്കണം; നാഷണലൈസേഷന്റെ ഒരു പ്രാരംഭനടപടിയായി വ്യവസ്ഥ ചെയ്യണം. കൃഷി സുഗമമായി നടത്തുന്നതിനും, ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തുന്നതു നന്നായിരിക്കും. ആ നിലയിൽ മിച്ചഭൂമികൾ പഞ്ചായത്തുകളെ ഏല്പിച്ചു്, കർഷകരുടെ സഹകരണസംഘങ്ങൾവഴി കൃഷി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൊച്ചുകുട്ടൻ]

നടത്തുന്നതായിരിക്കും ഉത്തമം. ഓരോരുത്തർക്കും പട്ടയം കൊടുത്തുവെന്നു പറഞ്ഞു് സാമാന്യജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ സാധിക്കുമെന്നല്ലാതെ, നാം ഉദ്ദേശിക്കുന്ന രീതിയിൽ കൃഷി അഭിവൃദ്ധിപ്പെടുത്താനോ, ഉല്പാദനം വർധിപ്പിക്കാനോ സാധിക്കുകയില്ല. കോൺഗ്രസ്സുപാർട്ടി ലീഡർ പറഞ്ഞതുപോലെ, കഴിഞ്ഞ കുറെ കാലങ്ങളായിട്ടു് പട്ടികജാതിക്കാർക്കു മാറ്റം വളരെ അധികം ഭൂമി വിതരണം ചെയ്തിട്ടുണ്ടു്. പ്രത്യേകിച്ചു് മലംപ്രദേശങ്ങളിൽ അതിൽ 12½ ശതമാനം പട്ടികജാതിക്കാരായ കർഷകത്തൊഴിലാളികൾക്കാണു വിതരണം ചെയ്തിട്ടുള്ളതു്. അതിൽ വളരെ മുക്കാൽപങ്കുഭൂമിയും കൈവശത്തിലേ ഇപ്പോൾ ഭൂമിയുള്ളു. ബാക്കി എല്ലാവരും ഭൂമി വിറ്റു കാശാക്കി. അതുമാതിരി ഒരു ദുരവസ്ഥ ഉണ്ടാകാതെ സൂക്ഷിക്കണം. തുണ്ടു തുണ്ടുഭൂമികൾ വ്യക്തികളെ ഏൽപ്പിച്ചാൽ ഈ ദുരവസ്ഥ ആവർത്തിക്കപ്പെടും. അതെല്ലാം സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനു് പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കു് പ്രാതിനിധ്യം നൽകിക്കൊണ്ടുള്ള സംഘങ്ങൾ ഏർപ്പെടുത്തി ആ സംഘത്തെ ഏൽപ്പിച്ചാൽ മതി. അങ്ങനെയായാൽ വിളവു വർധിക്കും; ആദായവും കൂടുതൽ കിട്ടും. അങ്ങനെയല്ലാതെ, പാവപ്പെട്ടവർക്കു കൃഷി ചെയ്യാൻ ഭൂമി കൊടുത്തിട്ടു്, അവ ഏതാനും കാലത്തിനുള്ളിൽ അന്യാധീനത്തിലാകുന്ന ഒരു സാഹചര്യം സൃഷ്ടിക്കരുതു്. നാക്ഷണലൈസേഷന്റെ ഒരു പ്രാരംഭപടിയെന്ന നിലയിൽ ഈ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. എൻ. രാജഗോപാലൻനായർ : കഴിഞ്ഞ കാലങ്ങളിൽ, സഹകരണസംഘങ്ങളുടെ പേരിൽ ഭൂമി വിതരണം ചെയ്തിട്ടുള്ളതെല്ലാം ഇപ്പോൾ അതാതു സംഘങ്ങളുടെ കൈവശംതന്നെയുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സഹകരണസംഘങ്ങൾക്കു പതിച്ചു കൊടുത്തതു് സംഘങ്ങളുടെ പ്രൊപ്പർട്ടിയിൽ കാണും. പക്ഷേ, വ്യക്തികൾക്കു പതിച്ചു കൊടുത്തിട്ടുള്ളതു്, ചില സംഘങ്ങളുടെ പേരിൽ കൃഷി ചെയ്തിരുന്നെങ്കിൽതന്നെയും സംഘങ്ങൾ പൊളിഞ്ഞപ്പോൾ ഇല്ലാതായിട്ടുണ്ടു്.

ശ്രീ. കെ. പി. ആർ. ഗോപാലൻ നമ്പ്യാർ : നാക്ഷണലൈസേഷനെ സംബന്ധിച്ചിടത്തോളം, തടസ്സമായി നിൽക്കുന്നതു് നിങ്ങളുടെ പാർട്ടിയുടെ ഭരണവ്യവസ്ഥയാണു്. അതു്, ഇൻഡ്യാഗവണ്മെന്റിനോടു് അപേക്ഷിച്ചു മാറ്റം വരുത്താൻ ശ്രമിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ ചെറിയ കാര്യം നമുക്കു് ഇപ്പോൾ ആലോചിക്കാം. വലിയ കാര്യങ്ങൾ പിന്നെയാകട്ടെ. ഈ കാര്യത്തിൽ നമുക്കൊരു യോജിപ്പിൽ എത്താൻ സാധിക്കുമോ എന്നറിഞ്ഞിട്ടാകാം മറ്റേ കാര്യം.

Mr. Speaker : Order, order. This is the seventh day that we are discussing this Clause.

Shri T. A. Thomman : Sir, I wish to speak one or two words in regard to this. I shall be as brief as possible.

സർ, ഇവിടെ നാം ഇപ്പോൾ ആലോചിക്കുന്നതു് കോവാപ്പറേറീവു ഫാമിംഗിനെക്കുറിച്ചു് ഒരു നിർവചനം വേണമോ വേണ്ടയോ എന്ന കാര്യമാണു്. ഒരു കാര്യം രണ്ടുഭാഗത്തുമുള്ള അഭിപ്രായം സമ്മതിക്കുന്നുണ്ടു്; കോവാപ്പറേറീവു സൊസൈറ്റികൾക്കു ഭൂമി കൊടുത്തു കൃഷി അഭിവൃദ്ധിപ്പെടുത്തണമെന്നും അഭിവൃദ്ധിപ്പെടുത്താമെന്നും കോൺഗ്രസ്സുഭാഗത്തുനിന്നും ആവശ്യപ്പെടുന്നതു് മിച്ചഭൂമി മുഴുവനും വില്ലേജുപഞ്ചായത്തുകളെ ഏല്പിച്ചു്, കോവാപ്പറേറീവു സൊസൈറ്റികൾ മാനേജുമെന്റു് എടുത്തു കൃഷി നടത്താൻ വ്യവസ്ഥചെയ്യണമെന്നാണു്. അതാണു് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികൊണ്ടുദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ശിക്കുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭേദഗതി, കായൽ മുതലായ സ്ഥലങ്ങളിൽ കോവാപ്പറേറ്റീവ്, സൊസൈറ്റികൾ മുഖേന കൃഷിചെയ്യണമെന്നാണ്. മിച്ചഭൂമി മുഴുവൻ കോവാപ്പറേറ്റീവ് വില്ലേജ് പഞ്ചായത്തുകളെ ഏൽപ്പിച്ച്, മാനേജ്മെന്റ് ഫാമിംഗ് സൊസൈറ്റികൾമൂലം ഭൂമി നടത്തണമെന്നു കോൺഗ്രസ്സുപാർട്ടിയും. മിച്ചഭൂമിയിൽ കുറെ ഭാഗംമാത്രം കോവാപ്പറേറ്റീവ് സൊസൈറ്റികളുടെ മേൽനോട്ടത്തിൽ കൃഷി നടത്താൻ കൊടുക്കണമെന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയും ആവശ്യപ്പെടുന്നു. ആ നിലയ്ക്കു കോവാപ്പറേറ്റീവ് സൊസൈറ്റികൾ, ഫാമിംഗ് സൊസൈറ്റികൾ എന്നതിനു ഒരു നിർവ്വചനം ആവശ്യമാണ്. മറ്റു ഡിസ്കഷൻ ഒക്കെ വരുന്നതു മിച്ചഭൂമി എങ്ങനെയാണു വിതരണം ചെയ്യേണ്ടതെന്നു് ആലോചിക്കുന്ന സമയത്താണ്. ഇവിടെ പ്രശ്നം, കോവാപ്പറേറ്റീവ് സൊസൈറ്റി എന്നുള്ളതിനു നിർവ്വചനം വേണമോ? വേണമെങ്കിൽ നിർവ്വചനം എന്തായിരിക്കണമെന്നു മാത്രമാണ്. രണ്ടു ഭാഗത്തെയും ചർച്ച കേട്ടതിനുശേഷം, അങ്ങനെയൊരു ഡഫനിഷൻ ആവശ്യമാണെന്നു വളരെ വ്യക്തമായി കാണുന്നുണ്ട്. ഈ അവസരത്തിൽ ഒരു കാര്യം മൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ. ചന്ദ്രശേഖരൻനായർ ഇവിടെ പറഞ്ഞു, മിച്ചഭൂമി വിൽക്കുവാൻ സമയം കൊടുക്കണമെന്നു്. കോൺഗ്രസ്സ് ഭാഗത്തുനിന്നു് ഒരു ഭേദഗതി കൊടുത്തിരിക്കുന്നതുകൊണ്ടു് മിച്ചഭൂമി കോവാപ്പറേറ്റീവ് സൊസൈറ്റികളെ കൃഷിക്കു് ഏൽപ്പിക്കണമെന്നുള്ള ഭേദഗതി അവതരിപ്പിക്കുവാൻ അവകാശമില്ല എന്നുള്ള ഈ വാദം കോടതികളിൽ അന്യായങ്ങൾ കൊടുക്കുമ്പോൾ അത്ഭുതാവഹമായിരിക്കുന്നു. അപ്പീൽ നോട്ടീസ് വിലീഫുകൾ ചോദിക്കാറുണ്ട്. കോടതി അവ അനുവദിക്കാറുണ്ട്. 'എ' സ്വീകരിച്ചില്ലെങ്കിൽ, 'ബി' അല്ലെങ്കിൽ 'സി' എന്നിങ്ങനെ തന്നെ മറ്റൊന്നു പക്ഷാന്തരമായി എഴുതിക്കൊടുത്തുകൊണ്ടിരിക്കുന്നതരാണ് മി. ചന്ദ്രശേഖരൻ നായർ. കോടതിയുമായി ബന്ധമില്ലാത്തതരാണെന്നു പറഞ്ഞാൽ മനസ്സിലാക്കാം. എന്നാൽ മി. ചന്ദ്രശേഖരൻ നായരെപ്പോലെ പാരമ്പര്യമായിട്ടു് ഇങ്ങനെ കോടതിയിൽ പല കാര്യങ്ങളും നടത്തുന്നയാൾ ഇങ്ങനെയൊരു സാങ്കേതികതടസ്സം ഇവിടെ ഈ കാര്യത്തിൽ ഉന്നയിച്ചതു വളരെ അത്ഭുതമായിപ്പോയി എന്നു പറയാതെ നിവൃത്തിയില്ല.

സർ, കോൺഗ്രസ്സ് പാർട്ടിയിൽനിന്നും കൊടുത്തിട്ടുള്ള മറ്റൊരു ഭേദഗതി, മിച്ചഭൂമി വസ്തു ഉടമപ്രകാരം വിൽക്കുന്നതിനു് ഒരു കൊല്ലത്തെ സമയം അനുവദിക്കണമെന്നാണ്. നാഗപ്പൂർ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഭേദഗതി 1237-ാം നമ്പരായി ഞാൻ കൊടുത്തിട്ടുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഭൂമി വിൽക്കാൻ സമയം വേണമെന്നു് ഒരു ഭേദഗതിയുണ്ടല്ലോ; അതിന്റെ ഫലം സിദ്ധിക്കുമോ ഈ ഭേദഗതി സ്വീകരിച്ചാൽ?

ശ്രീ. ടി. എ. തോമ്മൻ: സർ, നാഗപ്പൂർ പ്രമേയത്തിൽ പറയുന്നതു് ഇങ്ങനെയാണു്:

> "The Land Board may, after reserving in each village the lands necessary for public purpose, assign the balance of the lands vested in the Government to village panchayats under whose jurisdiction the lands are situated. The lands so vested in the panchayats shall subject to such rules as may be made by the Government in this behalf shall be managed by joint co-operative farming societies consisting of cultivators who do not possess any land or possess below five acres of land."

ഈ ഭേദഗതി ഗവണ്മെന്റ് ഭാഗത്തുനിന്നും സ്വീകരിക്കാൻ സമ്മതമാകുകിൽ, ഒരു കൊല്ലം സമയം വേണമെന്നുള്ള ഭേദഗതി അവതരിപ്പിക്കാതിരിക്കുന്നതിനെപ്പറ്റി പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അർജ്ജുനൻ : ഇന്ന ഭേദഗതി സ്വീകരിച്ചാൽ, മിച്ചഭൂമി കോവപ്പറേറീവ് ഫാമിംഗ് പദ്ധതിയുടെ എൽപ്പിക്കണമെന്നുള്ള ഭേദഗതി കൂടി അവതരിപ്പിക്കാതിരിക്കുമോ?

ശ്രീ. ടി. എ. തോമ്മൻ: ഞാൻ പറഞ്ഞല്ലോ എന്റെ സ്നേഹിതനെ മന്ത്രിയായിക്കാണണമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കോടതിയിൽ നമ്മുടെ രണ്ടു പ്രാർത്ഥനകളും നടത്തുന്നതുപോലെ, ഇതു രണ്ടാമത്തെ പ്രാർത്ഥനയാണോ?

ശ്രീ. തോപ്പിൽ മുസ്തഫാപിള്ള : എനിക്കൊന്നും അറിയാൻപാടില്ല, ഒരു കൊല്ലം വിൽക്കാൻ സാവകാശം കൊടുക്കണമെന്നുള്ള ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്ന ഫലം ഈ ഭേദഗതി അംഗീകരിച്ചാൽ ഉണ്ടാകുമോ?

ശ്രീ. ടി. എ. തോമ്മൻ : അതിന്റെ ഫലം എന്തായിരിക്കുമെന്നുള്ളതു കമ്മ്യൂണിസ്റ്റിന്റെ പാർട്ടിയിലെ കോയമാസ്റ്ററോട് ചോദിച്ചാൽ ശരിയായിട്ടു പറയും.

ശ്രീ. പി. ടി. ചാക്കോ: ഈ ഗവണ്മെന്റിന്റെ കയ്യിൽ മിച്ചഭൂമി കിട്ടിയാൽ, സഹകരണാടിസ്ഥാനത്തിൽ കൃഷിക്കു കൊടുക്കാതെ, അതു ദുരുപയോഗപ്പെടുത്തുമെന്നുള്ള നിലയ്ക്കു്, അങ്ങനെ ദുരുപയോഗപ്പെടുത്താതെ ഉടമകൾ തന്നെ ഭൂമി വിൽക്കുന്നതാണു് നല്ലതെന്നു് അഭിപ്രായമുണ്ടോ?

ശ്രീ. ടി. എ. തോമ്മൻ : നിശ്ചയമായിട്ടും. സർ, ശ്രീ. ഇ. പി. ഗോപാലൻ പറഞ്ഞു, ഭൂമി പ്രതിഫലം കൊടുത്തു വാങ്ങിയിട്ടാണെന്നു് വിചാരണം നടത്തുന്നതെന്നു്. ക്ലോസ് 70ൽ പറഞ്ഞിരിക്കുന്നതു് പ്രതിഫലം 16 കൊല്ലം കൊണ്ടു കൊടുത്താൽ മതിയെന്നാണു്. ഒരുദാഹരണം പ്രതിഫലം കൊടുക്കേണ്ടതു് പതിനാറിൽ ഒന്നു് തുക മാത്രമാണു്. അതുകൊണ്ടു് വസ്തു കിട്ടുന്ന ആളിനു് പറയത്തക്ക മുതൽമുടക്കില്ല. വിട്ടുള്ള പണയായിട്ടുകൊടുത്ത അയാൾ വസ്തു എൽപ്പിക്കണമെന്നും, സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തണമെന്നും വ്യവസ്ഥചെയ്താൽ പറയത്തക്ക ബുദ്ധിമുട്ടോ കഴപ്പമോ അതിനുണ്ടാവാൻ പോകുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ : കൊല്ലം 16 അതുകൊണ്ടു്, 20 അതുകൊണ്ടു്; പ്രതിഫലം കൊടുക്കാൻ ബാദ്ധ്യസ്ഥനാണല്ലോ?

ശ്രീ. ടി. എ. തോമ്മൻ : സർ, പഞ്ചായത്തുകളാണു് ഭൂമിയുടെ ചുമതല ഏൽക്കുന്നതെങ്കിൽ അദ്ദേഹം പഞ്ചായത്തുകൾ പണം കൊടുക്കണം; കോവപ്പറേറീവ് സൊസൈറ്റികളാണു് ചുമതല വഹിക്കുന്നതെങ്കിൽ സൊസൈറ്റികൾ അദ്ദേഹം പണം കൊടുക്കണം. അതൊക്കെ വിശദാംശങ്ങളാണു്. അതെല്ലാം പിന്നീടു നിബന്ധന ചെയ്യാനുള്ളതാണു്. സീലിംഗ് ഭൂമിയുടെ വിതരണത്തെ സംബന്ധിച്ചു വകുപ്പുവഴിയോ അവശ്യമായ ചർച്ചനടത്തും. ഇപ്പോൾ നാം ഈ തത്വം അംഗീകരിക്കണമോ വേണ്ടയോ എന്ന പ്രശ്നമാണു് തീരുമാനിക്കേണ്ടതു്. ശ്രീ. സി. എ. മാത്യുവിന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതുപോലെ കോവപ്പറേറീവ് ഫാമിംഗ് സൊസൈറ്റി എന്നുള്ളതിനു് ഒരു നിർവ്വചനം ഈ നിയമത്തിൽ ആവശ്യമാണെന്നും രണ്ടാംഗണ്ണനിന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ നടന്ന ചർച്ചകളും മുഴുവനും ക്ലോസ് 69-നെ സംബന്ധിച്ചായിരുന്നു. മിച്ചഭൂമി എങ്ങനെ വിതരണം നടത്തണം, ആ ഏതു വിധത്തിൽ അതു കൊടുക്കണം, കോവപ്പറേറീവ് സൊസൈറ്റിക്കു കൊടുക്കണമോ എന്നുള്ളതായിരുന്നു. ഇതു ചർച്ച ചെയ്യാനുള്ള ക്ലോസ് 69 എടുക്കണമെന്നു്. ഇവിടെ ശ്രീ. തോമ്മൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലെ കോവാപ്പറേറ്റീവ് സൊസൈറ്റിയുടെ നിയ്ച്ചനം ഇവിടെ വേണമോ വേണ്ടയോ എന്നുള്ളതാണ് പ്രശ്നം. ഇവിടെ ഇങ്ങനെയൊരു നിയ്ച്ചനത്തിന്റെ ആവശ്യമില്ല എന്നാണ് എന്റെ ബലമായ അഭിപ്രായം. കാരണം ഇന്നത്തെ ഫാമിംഗ് സൊസൈറ്റികളിൽ ആക്കം അംഗമാകാം. അതിനെ ഇന്ന ആളുകൾക്കു് എന്നു് റെസ്ട്രിക്റ്റ് ചെയ്തിട്ടില്ല. ഭൂരഹിതർതന്നെ വേണമെന്നൊന്നുമില്ല. 69-ാം ക്ലാസ്സ് ചർച്ചയ്ക്കുവരുമ്പോൾ കോവാപ്പറേറ്റീവ് സൊസൈറ്റീസ് വേണമെന്നു തീരുമാനിക്കുന്നുവെങ്കിൽ അതിന്റെ നിയ്ച്ചനം താഴെ ചേർക്കാം. അല്ലെങ്കിൽ റൂൾസിൽ എങ്ങനത്തെ സൊസൈറ്റി വേണമെന്നു നമുക്കു പ്രിസ്ക്രൈബ് ചെയ്യാം. അങ്ങനെ 69-ാം ക്ലാസ്സ് വരുമ്പോൾ ഇതിനെപ്പറ്റി ആലോചിക്കാമെന്നുള്ള നിലയിൽ ഭേദഗതി പ്രസ് ചെയ്യരുതെന്നു പറഞ്ഞുകൊള്ളുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ: 69-ാം വകുപ്പിനാവശ്യമായി വരികയാണെങ്കിൽ എക്സ്പ്ലനേഷനായി കൊടുക്കാമെന്നാണോ അഭിപ്രായം?

ശ്രീമതി കെ ആർ. ഗൗരി: ഇതുപോലെയുള്ള കോവാപ്പറേറ്റീവ് സൊസൈറ്റീസ് എന്നു ചേർക്കരുതെന്നാണ് എന്റെ അഭിപ്രായം. എക്സ്പ്ലനേഷൻ ആയോ, റൂൾസിലോ ചേർക്കാം. ഇന്ന വിധത്തിലുള്ള ആളുകൾ ചേർന്ന സൊസൈറ്റിയെന്നല്ലാതെ ഇന്നത്തെ ആക്റ്റപ്രകാരമുള്ള സൊസൈറ്റി എന്ന നിയ്ച്ചനം അംഗീകരിക്കരുത്. ഈ നിർവ്വചനം കൊണ്ടു് നമ്മുടെ ആശയംതന്നെ തോല്പിക്കപ്പെടും. ക്ലാസ്സ് 69 വരുമ്പോൾ നമുക്കു ഇതിനെപ്പറ്റി ചർച്ചചെയ്യാം.

കൊച്ചിൻ എന്നുള്ളതിനു ഒരു നിയ്ച്ചനം നൽകുന്നതിനു ശ്രീ. ചന്ദ്രശേഖരൻ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു് സ്വീകരിക്കുന്നതിനു് ഒരു ബുദ്ധിമുട്ടുണ്ടു്. 1950-ൽ enclaves absorption സംബന്ധിച്ചു് ഒരു ആർഡറുണ്ടു്, അതുകൂടി ചേർത്തു് ഒരു ഭേദഗതി ഞാൻ അവതരിപ്പിക്കയാണു്.

In clause 2 add the following as new sub-clause (55):—

"Cochin means the area comprising—

(i) The portion of the State of Kerala which before the first day of July 1949 formed the State of Cochin less the enclaves absorbed in the Malabar District under the Provinces and States (Absorption of Enclaves) Order 1950; and

(ii) the enclaves which formed part of the Malabar District absorbed in the State of Travancore-Cochin under the said Order."

ഈ definition അംഗീകരിച്ചാൽ മതിയെന്നാണു് എന്റെ അഭിപ്രായം. State Re-organistion Act-ൽ കൊച്ചിക്ക നിയ്ച്ചനം ഇല്ലാതിരിക്കുന്നതുകൊണ്ടു് ഇതു ചേർക്കാവുന്നതാണു്.

ശ്രീ. സി. എ. മാത്യു: സർ, എന്റെ ഭേദഗതി ഡെഫനിഷനിൽത്തന്നെ വേണമെന്നാണു് ഞാൻ പറയുന്നതു്. 69-ാം ക്ലാസിൽ ഒരു എക്സ്പ്ലനേഷനായി കൊടുക്കാമെന്നു പറഞ്ഞു. അതുമാത്രം ഉദ്ദേശിച്ചല്ല ഇങ്ങനെ ഒരു നിയ്ച്ചനം വേണമെന്നു പറയുന്നതു്. 1252-ാംനമ്പരായി ഞാൻ ഒരു ഭേദഗതി കൊടുത്തിട്ടുണ്ടു്. അതിൽ 5 ഏക്കറിൽ താഴെയുള്ളവരെ സഹകരണമേഖലയിൽ കൊണ്ടുവരുന്നതിനു ഞാൻ ചില നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ടി. എ. തൊമ്മൻ: മന്ത്രി പറഞ്ഞ വിഷമം വരാത്തതരത്തിൽ ഭേദഗതി മാറ്റി ഈ ആക്ടനുസരിച്ചു് രജിസ്റ്റർ ചെയ്യുന്ന സൊസൈറ്റി എന്നാക്കാം. അങ്ങനെ ഒരു ഭേദഗതി സ്വീകരിക്കുന്നതിനു യാതൊരു വിഷമവും ഉണ്ടാകുകയില്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : 69-ാംവകുപ്പ് ചർച്ച ചെയ്യുന്നതിന്റെ വെളിച്ചത്തിൽ കോമ്പൻസേറ്ററിയും സെക്രട്ടറിയും ആവശ്യമാണെന്നു നാം അംഗീകരിക്കുന്നുണ്ടെങ്കിൽ അവിടെ എസ്സ് പ്ലേസ്സുനായി ചേർക്കാം.

ശ്രീ. കെ. കെ. വിശ്വനാഥൻ : അങ്ങനെയാണെങ്കിൽ ഈ ഉപവകുപ്പിന്റെ ചർച്ച മാറ്റിവച്ചാൽ മതി.

ശ്രീമതി കെ. ആർ. ഗൗരി : സഭ തീരുമാനിക്കുകയാണെങ്കിൽ എത്രയിയന്തിരമുള്ള സെക്രട്ടറിയാണെന്നു അവിടെ ചേർത്താൽ മതിയാകും.

The Amendment (No. 244) moved by Shri C. A. Mathew, was put lost.

Shri P. T Chacko: I demand a poll.

A poll was taken when the House divided as follows:

Ayes 40.

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, K. S. Achuthan
4 ,, Alexander Parambithara
5 ,, M. A. Antony
6 ,, K. Avukkadarkutty Naha
7 ,, A. Bala Gopalan
8 ,, P. T. Chacko
9 ,, K. Chandrasekharan
10 ,, P. C. Cherian
11 ,, K. Eacharan
12 ,, P. R. Francis
13 ,, N. Ganapathy
14 ,, K. M. George
15 ,, Gopalankutty Nair
16 ,, K. Gopinathan Pillai
17 ,, K. Hassan Gani
18 ,, P. M. Joseph
19 ,, Joseph (George)
20 ,, P. S. Karthikeyan
21 Shri K. Kochukuttan
22 ,, Kunhambu Kallayan
23 ,, P. M. Kunhiraman Nambiar
24 ,, Kunhikrishnan Nair
25 ,, A. Kunjukrishnan
26 ,, M. Kunjukrishnan Nadar
27 Smt. Kusumom Joseph
28 Shri Madura
29 ,, M. M. Mathai
30 ,, C. A. Mathew
31 ,, M. Narayana Kurup
32 ,, E. P. Poulose
33 ,, R. Raghava Menon
34 Smt. Sarada Krishnan
35 Shri Ponnara G. Sreedhar
36 ,, A. Thanu Pillai
37 ,, K. T. Thomas
38 ,, T. A. Thomman
39 ,, K. K. Viswanathan
40 ,, W. H. D'Cruz

Noes 60.

1 Shri Abdul Majeed
2 ,, C. Achutha Menon
3 ,, C. C. Ayyappan
4 Smt. K. O. Aysha Bai
5 Shri P. Balachandra Menon
6 ,, R. Balakrishna Pillai
7 ,, K. A. Balan
8 ,, N. E. Balaram
9 ,, K. Bhargavan
10 ,, P. Bhaskaran Nair
11 ,, Thoppil Bhaskaran Pillai

LIBRARY ARCHIVES Kerala Legislative Assembly

12 Shri E. Chandrasekharan Nair
13 ,, P. K. Chathan
14 ,, K. C. George
15 ,, E. P. Gopalan
16 ,, P. Gopalan
17 ,, K. P. Gopalan
18 ,, E. Gopalakrishna Menon
19 ,, K. P. R. Gopalan Nambiar
20 Smt. K. R. Gouri
21 Shri Govindan
22 ,, K. Govindankutty Menon
23 ,, P. Govindan Nambiar
24 ,, P. Govinda Pillai
25 ,, R. Janardhanan Nair
26 ,, John Kuduvakkotte
27 ,, A. M. Kaliyanakrishnan Nair
28 ,, Kallalan
29 ,, C. H. Kanaran
30 ,, C. Kannan
31 ,, G. Karthikeyan
32 ,, K. Karunakaran
33 ,, M. K. Kelu
34 ,, P. K. K ru
35 ,, R. Krishnan
36 Shri T. K. Krishnan
37 ,, K. Krishna Menon
38 ,, M. Kumaran
39 ,, E. T. Kunhan
40 ,, P. V. Kunhunni Nayar
41 ,, P. K. Kunjachan
42 ,, P. R. Madhavan Pillai
43 ,, C. K. Narayanankutty
44 ,, T. C. Narayanan Nambiar
45 ,, N. Neelakantaru Pandarathil
46 ,, G. Padamanaban Tampi
47 ,, R. Prakasam
48 ,, N. Rajagopa'an Nair
49 ,, T. K. Ramakrishnan
50 ,, A. K. Ramankutty
51 ,, P. Ravindran
52 Smt. Rosamma Punnose
53 Shri M. Sadasivan
54 ,, C. G. Sadasivan
55 ,, E. M. S. Namboodiripad
56 ,, K. Sivadasan
57 ,, N. Sivan Pillai
58 ,, V. Sreedharan
59 ,, R. Sugathan
60 ,, T. V. Thomas

The amendment was declared lost.

The amendment moved by Shri K. Chandrasekharan was by leave wi hdrawn.

The amendment moved by Smt. K. R. Gouri viz.

In Clause 2 add the following as new sub-clause (55):

"Cochin means the area comprising :—

(i) the portion of the State of Kerala which before the 1st day of July 1949 formed the State of Cochin less the enclaves absorbed in the Malabar District under the Provinces and States (Absorption of Enclaves) Order 1950 ; and

(ii) the enclaves which formed part of Malabar District absorbed in the State of Travancore-Cochin under the said Order" was put and carried.

Mr. Speaker : So now sub-clauses (47) and 50 are held over.

LIBRARY ARCHIVES Kerala Legislative Assembly

Clause 3.

(No. 245) **Shri E. P. Poulose :** In clause 3, sub-clause (1) delete the words 'leases of land or of buildings or of both' and substitute 'leases of buildings' at the beginning of the clause; and also omit the word 'or' between the words 'Government of Kerala' and 'the Government of any other State' and insert the following :—

"and leases of land or of buildings or of both belonging to or vested in".

(No. 247) **Shri C. A. Mathew :** In clause 3, sub-clause (1) add at the end,

'after giving reasonable opportunity to all persons who are likely to be affected by such notification, to submit objections if any'.

(No. 248) **Shri T. A. Thomman :** Delete in clause 3 (i) the following :—

"or any other authority notified by the Government in this behalf".

(No. 250) **Shri E. P. Poulose:** In clause 3(i) insert the following after the words "or vested in the Government of Kerala which are or may be necessary for any public purpose and needed as such by any local authority or public corporation"

(No. 253) **Shri M. Gopalankutty Nair :** I move : In clause 3 (1), add the following proviso :

"Provided that this section does not apply to leases made before the vesting of the property to the Government".

Shri C. H. Kanaran : I move : To sub-clause (i) of clause 3 the following proviso shall be added :—

"Provided where the State Government has acquired property by escheat and there are tenants on the land at the time of vesting of the estate in the Government and such tenants continue in possession at the commencement of this Act, such tenants shall be entitled to all the rights under this Chapter as if the property continued to be owned by the same owner from whom it escheated to Government".

Shri E. P. Poulose : I am speaking in regard to my amendment No. 245. As regards the Government of Kerala, only leases of buildings will have to be excluded from the operation of this clause. This point had been discussed at length on a previous occasion when this hon'ble House had the opportunity to discuss the rules framed under the Land Assignment Act. Then, we on this side had made attempts to make certain alterations in the rules regarding the assignment of lands particularly in regard to

LIBRARY ARCHIVES Kerala Legislative Assembly

the rules affecting Government leases and leases on Kuthagapattom. Government showed willingness to make certain alterations in the proposals as regards details but they consistently maintained that they were not prepared to include Government leases within the general provisions of the Agrarian Relations Bill. Sir, my request to Government then was and now is, that having extended the progressive principle of tenancy reforms to very many categories, even to certain licenses and to certain transactions hitherto only recognised as licenses, it will be unjust and improper to exclude Government leases from the purview of the Agrarian Relations Bill. Leases on Kuthagapattom in the Travancore area have been generally considered as conferring rights equivalent to registries of Government land with only this difference that from 1942 or so—I do not exactly remember the year—Government temporarily stayed registry of lands given on kuthagapattom until the Revenue Department had demarcated the boundaries of these lands and also considered the general principles for conferring permanent rights. Very many representations were made to the then Travancore Government regarding registry of lands leased on kuthagapattom. In some of these representations after hearing the tenants, the then Government ordered that the question of permanent registry of those lands would be considered after fully measuring the lands leased out on Kuthagapattom and after demarcation of the lands from the surrounding Government lands. Other factors were also taken into consideration in finally deciding as to what all classes of Kuthagapattom lands could be considered for permanent registration. This state of affairs continued when in 1948 forest lands were leased out under the Grow More Food Scheme. People were allowed to occupy extensive areas under colour of allotment under the G.M.F. scheme. Some confusion was created affecting the cases of Kuthagapattom lessees holding lands on long leases as a result of this step. On the one side there was the cry of indiscriminate trespass into Government lands and on the other side there was the legitimate claim that permanent rights should be conferred upon these tenants so that they may really have real interest in cultivation, proceeding from a sense of security.

Sir, it was in these circumstances that the Agrarian Relations Bill was introduced. There was absolutely no doubt that having regard to the general trend of the Legislation the Government have taken the attitude that lands held on any long lease for unlimited periods will be given permanent tenure. But this was not the attitude which the Government took up now and so I had occasion more than once to point out that it will be unnecessary discrimination shown in clause 3 of this Chapter. Sir, there is absolutely no difference in respect of hill lands on Kuthagapattom lease and registries previous to 1942. It was also the policy of Government to confer permanency of right on tharisu lands and occupied lands possessed on Kuthagapattom lease. There are very many instances even subsequent to this

LIBRARY ARCHIVES Kerala Legislative Assembly

[Shri E. P. Poulose]

order where Kuthagapattom leases were converted into registries. There have been permanent registries even after that. In view of this fact we can't see any reason why Government should restrict operations of these sections on lands other than Government lands. Very valuable improvements have been made by some of the lessees of kutha apattom lands and valuable buildings constructed. Kuthagapattom lessees were conferred permanent rights on an equal footing with lands enjoyed as registered holdings. It would not be just and proper to tell these people all on a sudden that they will not be allowed to hold land beyond a certain extent. To fix a certain limit as distinguished from the rights which Government propose to confer even under the provisions of the Agrarian Relations Bill will definitely be a discrimination. Sir, previously when this question was discussed, Government took up a position saying that they did not want to restrict the permanent rights of these people. Now they also refuse to give recognition to any kind of improvements to *bona fide* occupants. Moreover, when they give compensation for the surplus lands in excess of the ceiling area, they really take lands in excess of the limited area of Kuthagapattom lands without payment of any compensation. Though it may not be strictly expropriation in the legal sense of the term, in spirit it will definitely be so. When Government makes an assurance to the occupant of a land that he can enjoy the land for an unlimited period, his rights will be recognised and he can make permanent improvements upon it and then all on a sudden one fine morning to say that Government have changed their view and are going to take back the property would be highly unjust and illegal.

Mr. Speaker : This point has been sufficiently canvassed. This is the ninth time this matter is being canvassed.

Shri E. P. Poulose : Regarding these matters Government have been changing their minds very often. I don't know whether Government will change their view in this particular case.

Shri M. Narayana Kurup : Perhaps this is the last opportunity.

Mr. Speaker : During the rule-making time you may get another opportunity.

Shri E. P. Poulose : In making rules very wide powers are given to Government sufficiently to alter the general provisions of this Bill. My submission is that Government should reconsider their position. I want the provisions regarding ceiling and the conferring of ownership to be extended with equal footing to kuthagapattom lessees also, so much so, 15 acres of double crop nilam allowed to registered holdings should be allowed to Kuthagapattom leassees also. I do not want to say

LIBRARY ARCHIVES Kerala Legislative Assembly

anything more than that well, on the question of compensation regarding excess lands taken over, that may be treated on a different footing in view of the peculiar nature of the Kuhagapattom transactions. In regard to ceiling they may be treated on a par with other category of lands. The question of excess lands to be resumed with compensation and what exactly should be the extent of compensation to be paid, these are questions which have been dealt with indifferently. Once again I appeal to Government not to discriminate against certain classes of subjects of the State. I would request the Government to reconsider their position considering all the points that I have mentioned just now so that the ceiling limit, whatever it may be when ultimately fixed, should become applicable to kuthagapattom lands also. I hope Government will be prepared to reconsider their position.

Mr. Speaker : I am going to allow all the amendments to be moved in respect to the entire clause.

Shri M. Narayana Kurup: Each in these embodies a particular idea.

മി. സ്പീക്കർ : ഈ ഓരോന്നിനിടയ്ക്കും മറ്റുമാണല്ലോ വരുന്നത്.

Shri C. A. Mathew : I move: . (No. 254) In clause 3, Sub-clause (ii) delete 'with or without the garden or land appurtenant thereto.'

Shri P. R. Madhavan Pillai : Sir, I move: (No. 255) In Clause 3 (ii) omit words 'with or without the garden or' and add 'and the' before 'land' and after 'thereof.'

Shri C. A. Mathew : Sir, I move: (No. 256) In clause 3 (iii) add at the end "which in the opinion of the Land Tribunal, bona-fide carries on any industrial or commercial operations."

Shri M. Chadayan : Sir, I move: (No. 257) Delete sub-clause (iii) of clause 3.

Shri P. R. Madhavan Pillai : I move :

(No. 263) In clause 3, add the following new proviso at the end of (v):— Provided that the tenancy was created in Kasragod Taluk by a mortgagee in possession or by a person deriving title from such mortgagee and the tenant was continuously in possession of the land so leased for the last five years ending with 14th April 1959 the tenant will have fixity of tenure and cannot be evicted.

Shri E. P. Gopalan: I move : (No. 264) In clause 3 (v) add the following proviso :—

Provided that nothing in this sub-section shall apply to tenancies in respect of lands or of buildings or of both created by mortgagees in possession, of lands situate in Kasragod Taluk, if the tenant was in continuous possession for a period of 5 years ending with April 14, 1959.

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri : I move : (No. 265) In clause 3, sub-clause (vi) for the words 'or in the land and buildings', the words "or in the buildings or in both" shall be substituted.

Shri P. M. Joseph : Sir, I move : (No. 268)

"Delete clause 3 (vii)"

Smt. K. R. Gouri : Sir, I move : (No. 274)

"In clause 3, in the proviso to sub-clause (vii) for the words "who have obtained fixity of tenure" the words "who were entitled to fixity of tenure" shall be substituted.

Shri K. T. Thomas : I move : (No. 275) In clause 3 delete sub-clause (viii).

Shri C A. Mathew : Sir, I move :

(No. 279) "In clause 3, add as sub-clause (xi) :—

"lands held or leased by such co-operative societies as are approved by the Government which have for their objects the improvement of the economic and social conditions of peasants or ensuring the full and efficient use of land for agricultural or allied purposes".

Shri R. Raghava Menon : Sir, I move :

(No. 280) "In clause 3, add new sub-clause (xi) — leases granted by a managing member of a family to any other member of the family".

Shri T. K. Ramakrishnan : Sir, I move :

"In clause 3, after sub-clause (x) the following sub-clause shall be added :—

"(xi) tenancies in respect of lands or of buildings or of both mortgaged to the Kerala Financial Corporation, so long as the mortgage subsists".

* **Shri K. S. Achuthan :** Sir, I move the following amendment:

(No. 281) "In clause 3, add the following as sub-section (xi):—

"Provided that the provisions of this Chapter relating to fixity of tenure shall apply to tenants holding lands leased by a landlord directly on verumpattom or panayam basis and the landlord's rights have been subsequently taken over by the Government".

Sir, I also move :

(No. 284) Add the following proviso to clause 3 :—

"Provided that nothing in sub-section (i) shall apply to tenants occupying lands belonging to what is known as Cranganore Kovilakam Estate."

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri : Sir, I move :

In clause 3, sub-clause (viii) for the words 'admeasuring more than the ceiling area', the words 'admeasuring more than thirty acres' shall be substituted.

Shri M. Narayana Kurup : Sir, I move that the words Kasragod taluk' in amendment Nos. 263 and 264 may be deleted.

ശ്രീ. ജോയ്ജ് ജോസഫ് പൊടിപ്പാറ : ശ്രീമാൻ പ്യൂലോസ് അവതരിപ്പിച്ചഭേഗതിയെ അനുകൂലിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതു് വളരെ പ്രാധാന്യമർഹിക്കുന്ന ഭേഗതിയാണു്. അതേപ്പറ്റി ശ്രീമാൻ ഇ. പി. പൗലോസ് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ പുറയുകയുണ്ടായി അക്കാര്യങ്ങളെല്ലാം പല പ്രാവശ്യവും ഇവിടെ പറഞ്ഞിട്ടുണ്ടു് എന്നു്. എന്നാൽ എത്ര പ്രാവശ്യം പറഞ്ഞാലും അതിന്റെ പ്രാധാന്യം ഗവണ്മെന്റിനെ ബോധ്യപ്പെടുത്തണം എന്നു കരുതി പറയുകയാണു്.

മിസ്റ്റർ സ്പീക്കർ : അങ്ങനെ വരുമ്പോൾ റൂൾ 222 അനുസരിച്ച് തടയേണ്ടിവരും എന്നാണു് പറഞ്ഞതു്.

ശ്രീ. ജോയ്ജ് ജോസഫ് പൊടിപ്പാറ : ബഹുമാനപ്പെട്ട സ്പീക്കർ തടയുകയാണെങ്കിൽ തന്നെ ഞങ്ങൾക്കു് പറയാനുള്ളതു് പറഞ്ഞുകൊള്ളുന്നു. ഇതിനു മുമ്പ് വളരെ ശക്തിയായി ഈ ഭാഗത്തുനിന്നും സഭയുടെ മുമ്പിൽ ഈ കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട മന്ത്രിണി അതു ഗൗരവമായി പരിഗണിക്കാതെയാണു് ഇരുന്നിട്ടുള്ളതു്. കോട്ടയം ഡിസ്ട്രിക്റ്റിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള ഒരു സംഗതിയായതുകൊണ്ടു് ഒരു സോഷ്യൽ സ്റ്റഡി ഓഫീസിന്റെ ഓപ്പറേഷൻ ഇതു ഗവണ്മെന്റു കൊണ്ടുവരുന്ന അവസരത്തിൽ ഗവണ്മെന്റിനെ ഏറ്റവും വലിയ ജന്മിയായി പരിഗണിച്ചിരിക്കുന്ന സ്ഥിതിക്കു് അങ്ങനെയുള്ള ഏറ്റവും വലിയ ജന്മിയുടെ ടെനന്റായി കൃഷിചെയ്തുവരുന്ന കർഷകർക്കു് വേണ്ട ആനുകൂല്യങ്ങൾ ചെയ്യണമെന്നുള്ളതാണു് പ്രധാനമായി എനിക്കു് പൂണ്ടിക്കാണിക്കുവാനുള്ളതു്. ഇന്നു് ആ ഭാഗങ്ങളിൽ കുത്തകപ്പാട്ടവ്യവസ്ഥയിൽ മൂന്നര മുതൽ ഏഴര ശ്രുപവരെ കൊടുത്തുവരുന്ന ഈ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി പരിധിവരെയുള്ള ഭൂമിക്കു് അവർക്കു് സ്ഥിരാവകാശം നല്കുണമെന്നുള്ളതാണു് ഞങ്ങളുടെ അഭിപ്രായം. വളരെ മുമ്പുതൽതന്നെ തിരുവിതാംകൂർ നിയമസഭയിലും, തിരുവിതാംകൂർ-കൊച്ചിൻ നിയമസഭയിലും ഈ അഭിപ്രായം ഞങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ടു്. ആ അവസരത്തിൽ കോൺഗ്രസ് ഭാഗത്തുനിന്നും കുത്തകപ്പാട്ടഭൂമി അനുഭവിച്ചുവരുന്നവർക്കു് തന്നെ ആ ഭൂമി പതിച്ചുകൊടുക്കണം എന്ന ഒരു നിലപാടു് സ്വീകരിച്ചിട്ടുണ്ടു്. അതു ചില പരിമിതമായ രംഗങ്ങളിലെങ്കിലും അനുവദിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ചില ഭേഗതികളും ഇവിടെ അവതരിപ്പിച്ചിട്ടുണ്ടു്. പരിധി അംഗീകരിക്കുന്നതുവരെ അതായതു സീലിംഗ് വരെയുള്ള ഭൂമിയില്ലെങ്കിലും അവർക്കു് സ്ഥിരാവകാശം നൽകാനുള്ള നടപടി എടുക്കണമെന്ന നിലപാടാണു് ആവശ്യമായിട്ടുള്ളതു്. അങ്ങനെ സീലിംഗ് അംഗീകരിക്കുന്ന കാലത്തു് ഗവണ്മെന്റാകുന്ന ജന്മിയോടു കുത്തകപ്പാട്ട വ്യവസ്ഥയിൽ ഭൂമി കൈവശം വച്ചു് കൃഷി ചെയ്തു് അനുഭവിച്ചുവരുന്നവർക്കു് സ്ഥിരാവകാശം കൊടുക്കേണ്ടതു് കർഷകരുടെ നിലനിൽപ്പിനാവശ്യമാണു്. എന്നാൽ ഇന്നു് അങ്ങനെയുള്ള കർഷകരെ ഇറക്കിവിടുന്നതിനുള്ള നടപടിയും എടുക്കുന്നുണ്ടു്. അങ്ങനെ ഇറക്കിവിടുന്നതു് അവരോടു ചെയ്യുന്ന ഒരു അനീതിയാണു്. അങ്ങനെ അവരെ ഇറക്കിവിടരുതു്. എന്റെ ഭേഗതി അതേരൂപത്തിലുള്ള ഒരു ഭേഗതിയായിരുന്നു. അതു ബഹുമാനപ്പെട്ട സ്പീക്കർ ചില സാങ്കേതിക തടസ്സങ്ങൾ കാരണം അനുവദിച്ചില്ല. എന്നാൽ കുത്തകപ്പാട്ടവ്യവസ്ഥയിൽ ഭൂമി കൈവശം വച്ചു് കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന ഒരു യഥാർത്ഥ കർഷകനെ അംഗീകരിക്കുവാനുള്ള സന്മനസ്സ് ഗവണ്മെൻറിൽ നിന്നും പ്രകടിപ്പിക്കണം എന്നാണ് ഞാൻ ആ ഭേദഗതികൊണ്ട് ഉദ്ദേശിച്ചത്. ഈ ഭേദഗതിയെ ഞാൻ അങ്ങേയറ്റം അനുകൂലിക്കുകയാണ്. കുത്തകപ്പാട്ടഭൂമി അനുഭവിക്കുന്നവർക്ക് സ്ഥിരാവകാശം നൽകിക്കൊണ്ട് അവർക്ക് സീലിംഗ് വരെയുള്ള ഭൂമി അനുഭവിക്കുവാനുള്ള അവകാശം കൊടുക്കണമെന്നും അങ്ങനെ അവർക്ക് അവകാശം കൊടുക്കുന്നതായാൽ ഈ രാജ്യത്തിൻറെ സാമ്പത്തികനില നന്നാക്കുന്നതിനുള്ള സാഹചര്യമുണ്ടാകുമെന്നുമാണ് എനിക്ക് ബോദ്ധ്യമായിട്ടുള്ളത് മന്ത്രിണിയെ അനുസ്മരിപ്പിക്കുവാനുള്ളത്. ശ്രീമാൻ, പയലോസ് ഇവിടെ സൂചിപ്പിച്ച എന്തെങ്കിലും കാര്യങ്ങൾ ഇവിടെ വീണ്ടും എടുത്തുപറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. കാമ്പസ്സൈറ്റ് കൊടുക്കുന്ന കാര്യത്തിൽ റൂൾസ് ഇവിടെ പാസ്സാക്കിയതുകൊണ്ടും അനിതിമാത്രമാണ്. കുത്തകപ്പാട്ടവ്യവസ്ഥയിലുള്ള ഭൂമിക്ക് ഇംപ്രൂവുമെൻറിനു കാമ്പസ്സൈറ്റ് കൊടുക്കാതെയുള്ള റൂൾ തയ്യാറാക്കിയതുകൊണ്ടും വലിയ അനീതിയാണ്. നമ്മുടെ ഈ നാട്ടിലെ കർഷകർ 1948-ൽ ഗ്രോമോർ ഫുഡ്സ് സ്കീമിൻറെ അടിസ്ഥാനത്തിൽ വളരെ ബുദ്ധിമുട്ടുകളും സഹിച്ചു കൃഷി അഭിവൃദ്ധിപ്പെടുത്തിയതിൻറെ ഫലമായി നമ്മുടെ ക്ഷുഭിക്ഷാമം എത്രകണ്ട് പരിഹരിക്കാൻ സാധിച്ചു. അന്നവർ മലനാട്ടുകളിൽ പോയി പ്രയത്നിച്ചു നാട്ടിനുവേണ്ടി ആത്മാർത്ഥമായ സേവനം നടത്തിയവരാണ്. അവർക്ക് പരിരക്ഷ നൽകേണ്ടതു ഗവണ്മെൻറിൻറെ മുമതലയാണ്. ഈ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്ക് നിങ്ങിക്കൊണ്ടിരിക്കുന്നവെന്നു തിരിക്കുന്നപാർട്ടി അവകാശപ്പെടുന്നുവെങ്കിൽ ഭൂമിയോട് ബന്ധപ്പെട്ട, ഭൂമിയിൽ പണിയെടുക്കുന്ന കർഷകനെ ഉയർത്തുവാൻ ഈ ഭേദഗതിയെ അനുകൂലിക്കണമെന്നു ഗവണ്മെൻറിൻറെ കടമയാണ്.

മിസ്റ്റർ സ്പീക്കർ : ആർഡർ, ആർഡർ. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 12·30 p.m. to meet again at 8. a.m. on Saturday the 9th May 1959.

LIBRARY ARCHIVES Kerala Legislative Assembly